ശ്രീ രാം ചന്ദ്ര മിഷൻ®
സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം

ECHOES INDIA

ജനുവരി 2013 വാല്യം 6 ലക്കം 1

# നവവത്സരാശംസകൾ!

## ക്ലേശപൂർണ്ണമായ ഒരു വർഷം

ജീവനുതന്നെ ഭീഷണിയായി മാറിയ അസുഖങ്ങൾ മാസ്റ്ററെ ബാധിച്ച 2012 കടന്ന് പോയി. ജൂലൈയിൽ തിരുപ്പൂരിൽ നടന്ന തന്റെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുവാൻ ഗുരുതരമായ രോഗം അദ്ദേഹത്തെ അനുവദിച്ചില്ല. പ്രസിഡൻറ് പദവിയിൽനിന്നുള്ള തന്റെ രാജി പ്രഖ്യാപിക്കുന്നതിനായി ആഗസ്റ്റ് 15-ന് ഒരു പ്രത്യേക ഭണ്ഡാര മണപ്പാക്കത്ത് അദ്ദേഹം വിളിച്ചുചേർത്തു. എന്നാൽ, പെട്ടെന്നുള്ള അറിയിപ്പായിരുന്നിട്ടുകൂടി അവിടെയെത്തിച്ചേർന്ന ഇരുപതിനായിരത്തിലധികം വരുന്ന അഭ്യാസികളുടെ സാന്നിധ്യത്തിൽ മാസ്റ്റർ, രാജിവെക്കാനുള്ള തന്റെ തീരുമാനം മാറ്റുകയും സഹോ. കമലേഷ് പട്ടേലിനെ വൈസ്പ്രസിഡൻറായി നിയമിക്കുകയും ചെയ്തു. മാസ്റ്ററുടെ ഭരണഭാരം കുറയ്ക്കുവാനായിരുന്നു ഈ നിയമനം. അവിടെ നിന്നങ്ങോട്ട് അദ്ദേഹത്തിന്റെ ആരോഗ്യം വളരെ സാവധാനം മെച്ചപ്പെടാൻതുടങ്ങി. കഴിഞ്ഞ മൂന്നു മാസങ്ങളിൽ മാസ്റ്ററുടെ ആരോഗ്യത്തിൽ നല്ല പുരോഗതിയുണ്ടായി. പതുക്കെപ്പതുക്കെ തന്റെ ശ്വസനസഹായം നൽകുന്ന ഉപകരണവും വീൽചെയറും അദ്ദേഹം ഉപേക്ഷിച്ചു. ഊന്നുവടിയുടെ സഹായത്തോടെ ധ്യാനഹാളിലേക്ക്പോയി, മാസ്റ്റർമാരുടെ ചിത്രങ്ങളിൽ ഹാരാർപ്പണം നടത്തുവാൻ അദ്ദേഹത്തിനിപ്പോൾ സാധിക്കുന്നു. സഞ്ചരിക്കുവാൻ കാറും ആശ്രമത്തിന്റെയുള്ളിൽ ഗോൾഫ്കാർട്ടും ഉപയോഗിക്കുന്നു. ഇന്ത്യക്കകത്ത് യാത്ര പുനരാരംഭിക്കുന്നതിനെക്കുറിച്ച് പോലും അദ്ദേഹം സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു! അതേസമയം അഭ്യാസികൾ കൂട്ടംകൂട്ടമായി മണപ്പാക്കം ആശ്രമത്തിലേക്ക് ഒഴുകിയെത്തുന്നുണ്ടായിരുന്നു. അവർക്കെല്ലാം സത്സംഗം നടത്താൻ മാസ്റ്റർ ബദ്ധശ്രദ്ധ പുലർത്തിയിരുന്നു. ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഇ-മെയിൽ അയക്കുന്നതിനും അദ്ദേഹം മതിയായ സമയവും ഊർജ്ജവും കണ്ടെത്തി.

ഗായത്രി (മാസ്റ്ററുടെ വസതി)യിൽ പോയതിനുശേഷം മാസ്റ്ററുടെ ആരോഗ്യത്തിൽ നല്ല പുരോഗതി അനുഭവപ്പെട്ടു. മുന്നറിയിപ്പില്ലാതെ സത്സംഗങ്ങൾ നടത്തി അദ്ദേഹം ആശ്രമത്തിലുള്ള അഭ്യാസികളെ അതിശയിപ്പിച്ചു. അദ്ദേഹം കഴിക്കുന്ന ഭക്ഷണത്തിന്റെയളവിൽ വർദ്ധനയുണ്ടായി. പെട്ടെന്നു തന്നെ ക്ഷീണിതനാവുമെങ്കിലും വേദനയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ മുഖത്ത് നിന്നും അപ്രത്യക്ഷമായി.

അടുത്തിടെ, സഹോദരൻ മാധവിന്റെ വീട്ടിൽവെച്ച് ഒരഭ്യാസി മാസ്റ്ററോടിങ്ങനെ പറഞ്ഞു, "മാസ്റ്റർ, ഇവിടുന്നങ്ങോട്ട് അങ്ങേയ്ക്ക് യാതൊരു വിധ വേദനകളും ഉണ്ടായിരിക്കരുത്. അങ്ങ് ആവശ്യത്തിലധികം സഹിച്ചിരിക്കുന്നു. വലതുകര മുയർത്തി അദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു, "തഥാസ്തു" (അങ്ങനെയാവട്ടെ). പുതുവർഷം മാസ്റ്ററുടെ ജീവിതത്തിൽ വസന്തകാലം നിറയ്ക്കട്ടെയെന്നും ആയുരാരോഗ്യവും സന്തോഷവും പ്രദാനംചെയ്യട്ടെയെന്നും നമുക്കാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.



വളരെനേരത്തെ ഒരുങ്ങി, കുടുംബാംഗങ്ങൾക്കും അവിടെ സന്നിഹിതരായിരുന്ന കുറച്ചഭ്യാസികൾക്കും ആശംസകൾ നേർന്ന്കൊണ്ടായിരുന്നു ഗായത്രിയിൽ മാസ്റ്ററുടെ പുതുവർഷം ആരംഭിച്ചത്. ആശ്രമത്തിൽ പോയി തന്റെ അഭ്യാസികളെ കാണാനുള്ള തിടുക്കത്തിൽ അദ്ദേഹം പ്രഭാതകൃത്യങ്ങളെല്ലാം നേരത്തെ നിർവ്വഹിച്ചു. നിശ്ചയിച്ച സമയത്തിനും വളരെ നേരത്തെ അദ്ദേഹം ആശ്രമത്തിലെത്തി. ആശ്രമത്തിൽ ഏകദേശം 7500 അഭ്യാസികളുണ്ടായിരുന്നു. ആശ്രമത്തിൽ പ്രവേശിക്കവെ മാസ്റ്ററെ അഭ്യാസികളുടെയും കുട്ടികളുടെയും ഒരു നീണ്ടനിര വരവേറ്റു. മാസ്റ്റർ ഒരു മണിക്കൂർ നീണ്ട സത്സംഗം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹം 'മുൻവിധി'യെക്കുറിച്ച് സംസാരിച്ചു. മുൻവിധിയെന്നാൽ "മുൻകൂട്ടി വിധിപ്രസ്താവിക്കൽ" ആണ്. മറ്റുള്ളവരെ വിലയിരുത്തുന്നത് കൊണ്ടാണ് നാം അവരെപ്പറ്റിയുള്ള മുൻവിധിയിലെത്തിച്ചേരുന്നത്. നമ്മെത്തന്നെ വിലയിരുത്തുമ്പോൾ നാം സ്വയം മുൻവിധിക്കടിമപ്പെടുന്നുണ്ട്, "കാരണം, ഞാൻ സ്വയം വിധിക്കുമ്പോൾ, ആ ധാരണകളുമായി താരതമ്യം ചെയ്ത് എന്റെ സ്വത്വത്തെ ഞാൻ അയോഗ്യമാക്കുകയാണ്". അദ്ദേഹം പറഞ്ഞു, "മനുഷ്യന്റെ ജീവിതലക്ഷ്യം സന്തോഷം കണ്ടെത്തലല്ല. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം പരിണാമമാണ്".

പ്രഭാഷണത്തിനുശേഷം മാസ്റ്റർ ഓഡിറ്റോറിയം ബ്ലോക്കിലേക്ക്പോയി. ക്ഷീണിതനായിരുന്നിട്ടുകൂടി അദ്ദേഹം അഭ്യാസികളെ കാണുകയും, സമ്മാനങ്ങൾ കൈമാറുകയും, മിഷന്റെ കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യുകയും, കുട്ടികൾക്ക് നാമകരണം നടത്തുകയും മറ്റും ചെയ്തു. ആശ്രമത്തിൽവെച്ച് ഉച്ചഭക്ഷണം കഴിച്ച് അദ്ദേഹം ഒരു മണിയോടെ ഗായത്രിയിലേക്ക് മടങ്ങി. അന്ന് രാത്രി മടങ്ങിപ്പോകാനൊരുങ്ങുന്ന ഫ്രാൻസിൽ നിന്നും സ്വിറ്റ്സർലാൻറിൽ നിന്നും വന്ന ഒരുകൂട്ടം അഭ്യാസികളോട് അദ്ദേഹം വൈകുന്നേരം സംസാരിച്ചു. യൂറോപ്പിലേക്ക് താൻ നടത്തിയ യാത്രകൾ മാസ്റ്റർ അനുസ്മരിച്ചു.

മാസ്റ്റർ ഇങ്ങനെ പറഞ്ഞു "അജ്ഞതയിൽ നിന്ന് അറിവിലേക്കും തിരികെ അജ്ഞതയിലേക്കും വരിക എന്ന് ബാബുജി പറയാറുണ്ട്. ഈ പറഞ്ഞ രണ്ട് അജ്ഞതകളും തമ്മിലുള്ള വ്യത്യാസമെന്താണ്? ആദ്യം പറഞ്ഞ അജ്ഞത എന്നയവസ്ഥയിൽ നിങ്ങൾക്കൊന്നുമറിയില്ല. രണ്ടാമത്തേതിൽ നിങ്ങൾക്കെല്ലാമറിയാം. എന്നാലോ നിങ്ങൾക്കൊന്നും തന്നെയറിയില്ല. അറിവ് അനന്തമാണ്. എല്ലാ അറിവും സ്വായത്തമാക്കുവാൻ നിങ്ങൾക്കൊരിക്കലും സാധിക്കില്ല."



## ഒക്ടോബർ 2012

ഒക്ടോബറിലെ ആദ്യവാരങ്ങളിൽ മാസ്റ്ററുടെ ആരോഗ്യസ്ഥിതി നല്ല പുരോഗതിയിലായിരുന്നു. അദ്ദേഹത്തിന്റെ പതിവ് പ്രഭാത ദിനചര്യകൾ ഫിസിയോതെറാപ്പി, വിശ്രമം, പ്രാതൽ എന്നിവയായിരുന്നു. മിക്കവാറും പ്രാതൽ കഴിക്കുമ്പോൾ അദ്ദേഹത്തിന് വർത്തമാനപത്രം വായിച്ചു കേൾപ്പിക്കുമായിരുന്നു. അതിനു ശേഷം മാസ്റ്റർ തന്റെ ഇ-മെയിൽ ജോലികളിൽ വ്യാപൃതനാവും.

ഒക്ടോബർ 12-നു കാലത്തു 9 മണിക്കു സത്സംഗത്തിനു ശേഷം മാസ്റ്റർ ഡോർമിറ്ററി "എ"- യിലേക്കു പൂനെയിൽ നിന്നും വന്ന അഭ്യാസികളെ കാണുവാൻ പോയി. അവിടെ കൂടിയ എല്ലാവർക്കുമായി ഒരു പ്രഭാഷണവും സിറ്റിങ്ങും അദ്ദേഹം നൽകി.

ശനിയാഴ്ച, ഒക്ടോബർ 13-ന് കോട്ടേജിന്റെ നവീകരണ പരിപാടികളാരംഭിച്ചു. പൊളിച്ചുമാറ്റപ്പെട്ട കോട്ടേജിന്റെ നിർമാണ പ്രവർത്തനങ്ങൾ തകൃതിയായി നടക്കുന്നു.

ഒരു ദിവസം ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്റർ ഒരു മണിക്കൂറോളം സംസാരിച്ചുകൊണ്ടിരുന്നു. ഫ്രാൻസിൽ നിന്നും ഏകദേശം 15 അഭ്യാസികൾ അദ്ദേഹത്തെ സന്ദർശിക്കുവാനായി വന്നിരുന്നു. അവരുടെ കൂടെ ഉണ്ടായിരുന്ന, വർഷങ്ങളോളമായി അഭ്യാസി ആയ ഒരു സഹോദരിയെ അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം അവരുടെ പേര് പറഞ്ഞപ്പോൾ അവർ വികാരാധീനയായി. മാസ്റ്റർ പറഞ്ഞു, നമ്മൾ സ്നേഹിക്കുമ്പോൾ നാം സ്മരിക്കും. സ്മരണയുടെ ഭൗതികതലത്തിനും ഒരു പ്രത്യേകതയുണ്ട്. എന്തെന്നാൽ ഒരു ബന്ധത്തെയോ, കണ്ടതോ കേട്ടതോ ആയ ഒന്നിനെ നാം സ്മരിക്കുമ്പോൾ ആ സ്മരണ പ്രസ്തുത സംഭവത്തെ വർത്തമാനകാലത്തിലേക്ക് കൊണ്ടുവരുന്നു.

ഒക്ടോബർ 14 ഞായറാഴ്ച ഒരു പ്രത്യേകതയുള്ള ദിനമായിരുന്നു. മൂന്നു മാസങ്ങൾക്കു ശേഷം മാസ്റ്റർ ധ്യാനമന്ദിരത്തിലേക്കു സത്സംഗം നടത്തുന്നതിനായി എത്തിച്ചേർന്നു. ഒരു മണിക്കൂറിലേറെ നീണ്ട സത്സംഗത്തിന് ശേഷം സഹോ. മാധവയുടെ വസതിയിലേക്കു പോയി, വീടിനു പുറത്തിരുന്നു. സഹോ. കണ്ണൻ ഞായറാഴ്ചയിലെ തന്റെ പതിവു ചര്യയായ ശ്രീമദ് ഭഗവത്ഗീതയിലെ ഒരദ്ധ്യായം വായിക്കുകയും അതിലെ ശ്ലോകങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്തു.

മാസ്റ്ററുടെ ആരോഗ്യനിലയുടെ പുരോഗതിയുടെ മറ്റൊരു നാഴികക്കല്ലായിരുന്നു ഒക്ടോബർ 20 തിങ്കളാഴ്ച- കേവലം ഒരാളുടേയും ഊന്നുവടിയുടേയും സഹായത്താൽ അദ്ദേഹം നടന്നുവന്നു. ഇറാനിൽ നിന്നും വന്ന അബ്യാസികളുടെ ഒരു ചെറു സംഘത്തെ അദ്ദേഹം കണ്ടു. അവരുമായും തനിക്കു ചുറ്റും ഹാളിലുണ്ടായിരുന്ന മറ്റുള്ളവരുമായും അദ്ദേഹം വളരെ നേരം സംസാരിച്ചിരുന്നു. വളരെ സൂക്ഷ്മതലത്തിലും വളരെ ആഴത്തിലും അദ്ദേഹം പ്രവർത്തിക്കുന്നതായി അനുഭവപ്പെട്ടു.

മാസ്റ്റർ പറഞ്ഞു, ആധ്യാത്മിക പ്രവർത്തിയുടെ കര്യത്തിൽ അതിന് തുടക്കമോ അന്ത്യമോ ഇല്ല. ആ ജോലി നടന്നുകൊണ്ടിരുന്നിരുന്നു, തുടർന്നും ഭാവിയിൽ അതു നടന്നുകൊണ്ടിരിക്കും. ഈ വർത്തമാനത്തിൽ ചെയ്തു തീർക്കാനായി ധാരാളമുണ്ടുതാനും. ഇതുവരേയും ഇത്തരത്തിലുള്ള യാതൊരു ജോലിയും നടന്നിട്ടില്ല എന്നു ചിന്തിക്കുന്നതു അഹങ്കാരമാകും. നമ്മുടെ പൂർവികരുടെ പരമ്പര ചെയ്തുവച്ചതിന്റെ തുടർച്ചയാണു ഇപ്പോൾ നാം ചെയ്യുന്ന ആധ്യാത്മിക കാര്യങ്ങൾ. അതിനാൽ നാം വളരെ ശ്രദ്ധാലുക്കളായിരിക്കുകയും ഇതു വരെ കാര്യമായിട്ടൊന്നും നടന്നിട്ടില്ല എന്ന് ചിന്തിക്കുവാൻ നമ്മുടെ അഹംബോധത്തെ അനുവദിക്കുകയുമരുത്. പകരം വിനയത്തോടെയും സ്നേഹത്തോടെയും നാം നമ്മുടെ ജോലികൾ ചെയ്തു കൊണ്ടിരിക്കണം.

ഒരു വൈകുന്നേരം നല്ല ക്ഷീണത്തിലായതിനാൽ മാസ്റ്റർ പുറത്തു വന്നില്ല. എന്നാലും ഒരു പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച ഒമേഗവിദ്യാലയത്തിലെ കുട്ടികളെ അദ്ദേഹം കണ്ടു. അവരെ കാണുന്നതിൽ സന്തോഷവാനായ മാസ്റ്റർ അവർക്ക് പറയാനുള്ളതു കേൾക്കുകയും അവരുമായി തന്റെ അനുഭവങ്ങൾ പങ്കു വയ്ക്കുകയും ചെയ്തു.

മാസ്റ്ററെ സന്ദർശിക്കുവാൻ വന്ന സഹോ. എ.പി. ദുരൈ തമിഴ്നാട്ടിലെ വിവിധ സെൻററുകളിലെ തന്റെ യാത്രകളെക്കുറിച്ചു സംസാരിച്ചു. സഹജമാർഗത്തിൽ ഇന്നു കാണുന്ന വളർച്ചകൾ നമ്മുടെ പൂജ്യ മാസ്റ്റർ നടത്തിയ അക്ഷീണപ്രയത്നങ്ങളുടേയും യാത്രകളുടേയും ഫലമായിട്ടാണെന്നു അദ്ദേഹം പറഞ്ഞു. ഇതിനായി ഈ നഗരങ്ങളിലേയ്ക്കും സെൻററുകളിലേക്കും എത്ര തവണ അദ്ദേഹം യാത്ര ചെയ്തിട്ടുണ്ടാവുമെന്നും അഭിപ്രായപെട്ടു. ഒരാൾക്കു ഏകദേശം 30-40 വയസ്സുള്ളപ്പോളാണ് ഇത്തരം ജോലികൾ പരമാവധി ഭംഗിയായി തീർക്കുവാനായി യാത്ര ചെയ്യുവാൻ പറ്റിയ സമയം. പിന്നീട് പ്രായമേറുംതോറും ശാരീരിക ക്ഷീണങ്ങൾ ഇത്തരം യാത്രകൾക്ക് തടസ്സമാകും എന്നു മാസ്റ്റർ പറഞ്ഞു.

ഒരു ദിവസം മാസ്റ്റർ ആശ്രമത്തിൽ ചുറ്റിനടന്ന് കോട്ടേജിന്റെ നവീകരണ ജോലികൾ കാണുകയും ധ്യാനമന്ദിരത്തിലെത്തി അവിടെ ന ട ക്കു ന്ന നിർമ്മാണ



പ്രവർത്തനങ്ങൾ കാണുകയും, ഡോർമിറ്ററിയിലേക്കു പോയി പ്രഭാഷണവും സിറ്റിങ്ങും നൽകുകയും പിന്നീട് അദ്ദേഹം കാൻറീൻ സന്ദർശിക്കുകയും ചെയ്തു.

മാസ്റ്റർ എല്ലായിടത്തും അഭ്യാസികളുമൊത്ത് സമയം ചിലവഴിച്ചു. ഏറെ നേരം നീണ്ട ഈ സന്ദർശനത്തിൻെറ അവസാനം മാസ്റ്റർ ക്ഷീണിതനായി കാണപ്പെട്ടു. വൈകുന്നേരം സുഖമില്ലാതിരുന്ന മാസ്റ്ററെ വൈദ്യപരിശോധനയ്ക്കു വിധേയനാക്കിയപ്പോൾ അസുഖങ്ങൾക്കു കാരണം ആയാസവും ക്ഷീണവുമാണെന്നു ഡോക്ടർമാർ പറഞ്ഞു.

ഒക്ടോബർ മാസാവസാനം പനി ബാധിച്ചു കിടപ്പിലായ മാസ്റ്റർക്ക് വൈകുന്നേരങ്ങളിൽ ഡ്രിപ്പ് നൽകേണ്ടതായി വന്നു. താങ്ങിയെങ്കിൽ മാത്രമെ മാസ്റ്റർക്ക് ഇരിക്കുവാൻ സാധിക്കുമായിരുന്നുള്ളു. അദ്ദേഹം അധികമൊന്നും സംസാരിക്കാതെയും വിഷമം അനുഭവിക്കുന്നതായും കാണപ്പെട്ടു. "എനിക്കൊന്നും കഴിക്കാൻ തോന്നുന്നില്ല. പക്ഷെ എന്നെ കഴിപ്പിച്ചെ ഇവരടങ്ങൂ എന്നതു കാരണം ഞനെന്തെങ്കിലുമൊക്കെ കഴിക്കുന്നുവെന്ന് വരുത്താറുണ്ട്."





ബാംഗ്ലൂർ സെമിനാർ സമയത്ത് ഒരു ദിവസം വൈകുന്നേരത്തെ സത്സംഗം വ്യത്യസ്തവും അലൗകികവുമെന്നു തോന്നിച്ചതായി സഹോ. കമലേഷ് മാസ്റ്ററോടു പറഞ്ഞു. എല്ലാ അഭ്യാസികളേയും വേണ്ടതു പോലെ തയ്യാറാക്കിയതു കൊണ്ടാവാം ഇതെന്നു മാസ്റ്റർ പറഞ്ഞു. ഇതു ശരിയാണെന്നു ബാംഗ്ലൂരിലെ ഒരു പ്രിഫെക്റ്റ് സമ്മതിച്ചു. മണപ്പാക്കം ആശ്രമത്തിലെക്കു വരുന്നവരെല്ലാവരും സിറ്റിംഗ് എടുത്തു ശുദ്ധീകരണത്തിനുശേഷം മാത്രം വരേണ്ടതും അപ്രകാരം മാസ്റ്റർ നമ്മിൽ ചൊരിയാൻ തയ്യറായിരിക്കുന്ന സ്നേഹസമ്മാനം സ്വീകരിക്കുകയും വേണം.

## നവംബർ 2012

മാസ്റ്ററുടെ ആരോഗ്യം മോശമായിരുന്ന ഈ സമയത്ത് നൽകിയ മരുന്നുകൾ അദ്ദേഹത്തെ കൂടുതൽ ക്ഷീണിതനാക്കി. വെൻറിലേറ്റർ (BiPAP) യന്ത്രത്തിൻെറ സഹായമില്ലാതെ അദ്ദേഹത്തിനു ശ്വസിക്കാൻ സാധിച്ചിരുന്നില്ല. ശ്വാസനാളത്തിൽ തടസ്സമായി ഉണ്ടായിരുന്ന നീർക്കെട്ട് നീക്കം ചെയ്തതോടെ പുരോഗതിയുണ്ടായി. ആന്തരീക രോഗാവസ്ഥ അറിയുന്നതിനായി സ്കാനിംഗ് (CT Scan) ചെയ്യുകയുമുണ്ടായി.

ദീപാവലിയ്ക്ക് കുറച്ചു ദിവസങ്ങൾക്കു മുൻപ് സഹോ. ഭാസ്കരൻ പ്രത്യേകമുണ്ടാക്കിയ മധുരപലഹാരങ്ങൾ കൊണ്ടുവന്നു. അതുണ്ടാക്കേണ്ട വിധം മാസ്റ്റർ വിവരിച്ചു. നനവുള്ള കൈകൊണ്ടു മധുര പലഹാരം തയ്യാറാക്കുമ്പോൾ അതിൻെറ ഗുണം ഇല്ലാതാവുമെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ മാസ്റ്റർ നൽകിയിരുന്നു. ചെയ്യുന്ന ഓരോ കാര്യത്തിൻേറയും വിശദാംശങ്ങളിലേയ്ക്ക് ശ്രദ്ധ പതിപ്പിച്ചുകൊണ്ട് അദ്ദേഹം കൈവരിയ്ക്കുന്ന പൂർണ്ണത അതുല്യമാണ്.

നവംബർ ഒൻപതാം തിയ്യതി സഹോ. കമലേഷ് നടത്തിയ വിവാഹങ്ങൾക്ക് ശേഷം ദമ്പതികൾക്ക് മാസ്റ്റർ സിറ്റിംഗ് നൽകി. വൈകീട്ട് ഫിസിയൊതെറാപ്പി ചെയ്ത ശേഷം മാസ്റ്റർ ഹാളിലേയ്ക്ക് നടന്നു വന്നു. ചുറ്റും കൂടിയ അഭ്യാസികൾക്കായി അദ്ദേഹം സിറ്റിംഗ് നൽകി. അരമണിക്കൂറിനു ശേഷം അദ്ദേഹം കണ്ണു തുറന്ന്, ഏവർക്കും ശുഭരാത്രി ആശംസിച്ചുകൊണ്ട് മുറിയിലേയ്ക്കു പോയി.

മാസ്റ്റർ വൈകീട്ട് ഹാളിൽ വന്നിരിയ്ക്കുന്നതും അഭ്യാസികൾ ചുറ്റും കൂടുന്നതും, അദ്ദേഹം കണ്ണുകൾ അടച്ചു ധ്യാനം തുടങ്ങുന്നതും പതിവായി. "പ്ലീസ് സ്റ്റാർട്ട്" എന്നു പറയാതെ ധ്യാനം തുടങ്ങി അവസാനം "ദാറ്റ്സ് ഓൾ" എന്നു മാത്രം പറയാറുള്ള അവസരങ്ങളുണ്ടായിട്ടുണ്ട്. ഒരു ദിവസം വൈകീട്ട് മാസ്റ്റർ മുറിയിൽ തിരിച്ചെത്തിയപ്പോൾ നാഗ്പൂർ കേന്ദ്രത്തിലെ കുട്ടികൾ അവിടെയുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളായി മാസ്റ്ററെ കാണാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നവരായിരുന്നു അവർ. "പെട്ടെന്നു സുഖം പ്രാപിയ്ക്കൂ മാസ്റ്റർ. ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു" എന്നു അവർ പറഞ്ഞപ്പോൾ " അതെനിയ്ക്കറിയാം. അതുകൊണ്ടാണ് ഞാൻ ജീവിച്ചിരിയ്ക്കുന്നത്" എന്നു മാസ്റ്റർ മറുപടി പറഞ്ഞു. മറുപടി പറയുമ്പോൾ അദ്ദേഹത്തിൻെറ മുഖത്തെ തിളക്കം കാണേണ്ടതായിരുന്നു.

പതിനൊന്നാം തിയതി മാസ്റ്റർ തൻെറ യന്ത്രവത്കൃത വീൽ ചെയർ സ്വയം ഓടിച്ചുകൊണ്ട്, വളവുകളിലെല്ലാം നല്ലവണ്ണം തിരിച്ചുകൊണ്ട്, മെഡിറ്റേഷൻ ഹാളിലെ സ്റ്റേജിലെത്തി. മാസ്റ്റർ മെഡിറ്റേഷൻ ഹാളിലേയ്ക്ക് കടന്നപ്പോൾ ഹൃദയം നിറയെ സന്തോഷവും സ്നേഹവുമായി അവിടെ കാത്തിരുന്ന അഭ്യാസികൾ മാസ്റ്ററെ കയ്യടിച്ചുകൊണ്ട് സ്വീകരിച്ചു. ഒരു മണിക്കൂർ അഞ്ചുമിനുട്ട് നീണ്ട സത്സംഗം മാസ്റ്റർ നടത്തി. ശക്തമായ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണ് അദ്ദേഹത്തിനു പുറത്തു വരാനും അന്നു വന്ന അഭ്യാസികളെ കാണാനും സാധിച്ചത്. തന്നെ ആശംസിക്കാനെത്തിയ അഭ്യാസികൾക്കു അദ്ദേഹം അനുവാദം നൽകി. അഞ്ചു മിനുട്ടിനുള്ളിൽ അൻപതോളം അഭ്യാസികളെ കണ്ട അദ്ദേഹം ക്ഷീണിതനായി. "ഞാൻ ക്ഷീണിതനാണ്. വിശ്രമിക്കണം, കൂടുതൽ സന്ദർശകർ വേണ്ട" എന്നു അദ്ദേഹം പറഞ്ഞു. ഉച്ചയ്ക്ക് ശേഷം വീണ്ടുമദ്ദേഹം അഭ്യാസികളുടെ ഒരു ചെറു സംഘത്തെ കണ്ടു.

തെക്കുകിഴക്കൻ ഏഷ്യയിൽ നിന്നുള്ള 30 ഓളം വരുന്ന പ്രിഫക്റ്റുമാരുമായി മാസ്റ്റർ കൂടികാഴ്ച്ച നടത്തി. അവർക്കു സിറ്റിങ്ങ് നൽകുകയും ചെയ്തു. അതിനു ശേഷം പ്രിഫക്റ്റു ജോലിയെ കുറിച്ചു സുശക്തമായ ഭാഷയിൽ ഒരു പ്രഭാഷണം നടത്തുകയും ചെയ്തു. ജോലിയെ ഗൗരവമായി എടുക്കേണ്ടതിൻെറ ആവശ്യകതയെ പറ്റി മാസ്റ്റർ പറഞ്ഞു. നാം ആഴങ്ങളിലേക്കു ഇറങ്ങി ചെല്ലുമ്പോൾ വസ്തുതകൾ മറനീക്കി പുറത്ത് വരുകയും,

ജോലിയിലൂടെ നമുക്ക് ലഭിക്കുന്ന അറിവും പ്രയോജനവും കണ്ട് നാം ആശ്ചര്യവാന്മാരാവുകയും ചെയ്യും. സിറ്റിങ്ങ് തുടങ്ങുന്നതിനേയും അവസാനിപ്പിക്കുന്നതിനേയും കുറിച്ച് സംസാരിക്കുമ്പോൾ മാസ്റ്റർ ഇപ്രകാരം പറഞ്ഞു: "നമുക്ക് ഒരു ജോലി തുടങ്ങാൻ മാത്രമേ കഴിയൂ, അദ്ദേഹമാണ് അതു അവസാനിപ്പിക്കുന്നത്"

ഒരു രാത്രിയിൽ സിനിമ കണ്ടതിനു ശേഷം മാസ്റ്റർ ഒരു ദക്ഷിണേന്ത്യൻ വിഭവമായ 'മോരു-കളി' കഴിച്ചു. അദ്ദേഹം അത് അവിടെ സന്നിഹിതരായിരുന്ന എല്ലാവർക്കും നൽകികൊണ്ടു ഇപ്രകാരം പറഞ്ഞു: 'എൻെറ തിരിച്ചുവരവിൻെറ (രോഗമുക്തിയുടെ) സൂചനയാണിത്'. മാസ്റ്റർ ആരോഗ്യം വീണ്ടെടുത്ത് തുടങ്ങിയതോടു കൂടി സഹോ.സാൻസ്ക്രിറ്റ് കണ്ണൻെറ ഗീതാപാരായണം പുനരാരംഭിച്ചു. ആ മാസം അവസാനമായതോടുകൂടി മാസ്റ്റർ കൂടുതൽ കൂടുതൽ ആരോഗ്യവാനായി തുടങ്ങി. അദ്ദേഹം പതിവായി പുറത്തു വരുവാനും അഭ്യാസികളുമായി കൂടികാഴ്ചകൾ നടത്താനും തുടങ്ങി. ഒരു ചർച്ചക്കിടയിൽ, മെഡിറ്റേഷൻ ഹാളിനു ചില മാറ്റങ്ങൾ വരുത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുകയുണ്ടായി. അതിനെ കുറിച്ചുള്ള ഒരോരുത്തരുടേയും അഭിപ്രായം സശ്രദ്ധം ആരാഞ്ഞു കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഞങ്ങളിവിടെ ചിന്തോദ്ധീപകമായ ചർച്ചയിലാണ്'. എല്ലാം കേട്ട ശേഷം നവീകരണം എങ്ങനെ മുന്നോട്ടു കൊണ്ട് പോകണം എന്നതിനെ കുറിച്ച് ചില നിർദ്ദേശങ്ങളും നൽകി.

മറ്റൊരു ദിവസം അദ്ദേഹം തൻെറ ഊന്നുവടി ഉപയോഗിച്ച് നടന്നു വന്നതും രോഗാവസ്ഥയിൽ നിന്നു അദ്ദേഹം മോചിതനാവുന്നു എന്നതിനു സൂചനയായിരുന്നു. അദ്ദേഹം സ്വയം നടന്നു വരുന്നതു കണ്ട് ഫിസിയോതെറാപ്പിസ്റ്റ് ഇപ്രകാരം പറഞ്ഞു– "മാസ്റ്റർ,അങ്ങ് എൻെറ ദിവസം സുദിനമാക്കി". അതിനു മറുപടിയായി മാസ്റ്റർ ഇപ്രകാരം പറഞ്ഞു. 'നിങ്ങളുടെ പ്രയത്നം കൊണ്ടാണു ഇതു സാധ്യമായത് . നന്ദി.'

## ഡിസംബർ 2012

ഡിസംബർ മാസത്തോടുകൂടി മാസ്റ്ററുടെ ആരോഗ്യം വളരെയേറെ മെച്ചപ്പെട്ടു. ഒരു ഞായറാഴ്ച മാസ്റ്റർ ഗോൾഫ്കാർട്ടിൽ മെഡിറ്റേഷൻ ഹാൾ വരെ വരികയും സ്റ്റേജിലേക്കു നടന്ന് കയറുകയും ചെയ്തു. രോഗാവസ്ഥയിൽ ആയതിനു ശേഷം മാസ്റ്റർ ഇപ്രകാരം മെഡിറ്റേഷൻ ഹാളിലേക്കു വരുന്നത് ആദ്യമായായിരുന്നു. ആദ്യ ആഴ്ച്ചയിൽ തുടർച്ചയായ മഴയായിരുന്നതിനാൽ കാറിൽ യാത്ര ചെയ്തു നോക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അതിനാൽ വൈകുന്നേരം ഫിസിയോതെറാപ്പി സെഷൻെറ ഭാഗമായി മാസ്റ്റർ അദ്ദേഹത്തിൻെറ റൂമിൽ നിന്നും പ്രവേശനകവാടം വരെ നടന്നു വരികയും, അതിനു ശേഷം കാറിൽ പുറമെ ഒന്നു ചുറ്റിവരുകയും ചെയ്തു. ഇതു മാസ്റ്റർ ശാരിരികമായി ആരോഗ്യവാനായി വരുന്നു എന്നതിനു വ്യക്തമായ ഒരു സൂചനയായിരുന്നു.

ഒരു വൈകുന്നേരം 'ദി റിവീലേഷൻ ഓഫ് ദി പിരമിഡ്' എന്ന ഒരു ഡോക്കുമെൻററി മാസ്റ്റർ കാണുകയുണ്ടായി. വളരെ വിജ്ഞാനപ്രദമായ ഒരു പരിപാടി ആയിരുന്നു അത്. വലിയ പിരമിഡുകളെ കുറിച്ചും ചരിത്രപരമായ നിർമ്മിതികളെ കുറിച്ചും പ്രതിപാദിക്കുന്ന ഒന്നായിരുന്നു. ഇതിനോടു അനുബന്ധിച്ച് വളരേയേറെ ചർച്ചകളും ഉണ്ടായി. മാറ്റത്തിൻെറ അനിവാര്യതയെ കുറിച്ചും പ്രാപഞ്ചിക ജോലികളെ കുറിച്ചും(Cosmic Work) മാസ്റ്റർ സംസാരിച്ചു. ഏതെങ്കിലും പ്രകൃതി ദുരന്തം വരുമ്പോൾ നാം എന്തു ചെയ്യണം എന്ന ചോദ്യത്തിനു മറുപടിയായി മാസ്റ്റർ പറഞ്ഞു അങ്ങിനെ സംഭവിച്ചാൽ ഏറ്റവും ഉത്തമമായ കാര്യം ധ്യാനത്തിലിരിക്കുകയാണ് .അപ്രകാരം, ഏതെങ്കിലും ദുരന്തം വന്നാൽ തന്നെ അതു നേരിടാൻ നാം പ്രാപ്തരാകും.

പ്രിഫക്റ്റ് ആകാൻ തിരഞ്ഞെടുക്കപ്പെട്ട രണ്ട് മൂന്ന് അഭ്യാസികളെ പരിചയപ്പെടുത്തിയപ്പോൾ മാസ്റ്റർ തമാശയായി പറഞ്ഞു: "എനിക്കു സുഖമായതിനാലിനിയിപ്പോൾ ഞാൻ ഈ ജോലി തിരിച്ച് ഏറ്റെടുക്കേണ്ടി വരും.". മാസ്റ്ററുടെ ആരോഗ്യം മോശമായതിനു ശേഷം സഹോ.കമലേഷ് പട്ടേലായിരുന്നു പ്രിഫക്റ്റുകളെ തയ്യാറാക്കികൊണ്ടിരുന്നത്.

## ഗായത്രിയിലേക്കുള്ള മടക്കം

അഞ്ചര മാസത്തിൻെറ ഇടവേളയ്ക്ക് ശേഷം മാസ്റ്റർ ഗായത്രിയിലേക്കു പോയി. വീട്ടിൽ തിരിച്ചെത്തിയ മാസ്റ്റർ തൻെറ പതിവു ദിനചര്യയിലേക്കു മടങ്ങി വന്നു. സിറ്റിങ്ങുകൾ നൽകുക, ഭരണ സംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുക, ചർച്ചകൾ നടത്തുക എന്നിങ്ങനെ. ഉച്ചഭക്ഷണത്തിനു ശേഷം ഏകദേശം ഒരു മണിക്കൂറോളം മാസ്റ്റർ ഡൈനിങ്ങ് ടേബിളിൽ തന്നെ ഇരുന്നു സംസാരിച്ചു. രോഗാവസ്ഥയിൽ സംഭവിച്ച പല കാര്യങ്ങളും മാസ്റ്റർക്കു ഓർമ്മയില്ലായിരുന്നു. അഭ്യാസികൾ ആ സംഭവങ്ങൾ പലതും ഓർമ്മിപ്പിച്ചപ്പോൾ, അദ്ദേഹം ആശ്ചര്യം പ്രകടിപ്പിച്ചു.

മറ്റൊരു ചർച്ചക്കിടയിൽ അസൂയയെ കുറിച്ചു അദ്ദേഹം പരാമർശിച്ചു. പലർക്കും തന്നോടും ബാബുജിമഹാരാജുമായുള്ള തൻെറ അടുപ്പത്തോടും അസൂയയായിരുന്നു. ഇതു കേട്ട ഒരു സഹോദരൻ 'അസൂയ' ആവശ്യമുള്ള ഒന്നാണോ എന്ന് ചോദിച്ചു.





“ഞാൻ ഈ ചോദ്യം ബാബുജി മഹാരാജിനോട് ചോദിച്ചു” എന്നു മാസ്റ്റർ പറയുകയും അതിനദ്ദേഹം “അല്ല, അസൂയയും വെറുപ്പും മോശമാണ്” എന്നും പറഞ്ഞു. അദ്ദേഹം തുടർന്നു: “അസൂയ സാമ്യമില്ലാത്ത പാപമാണ്, അതുള്ളവർക്കൊരുപദേശവും കൊടുക്കാനില്ല. അസൂയ, അടിസ്ഥാനപരമായി മാസ്റ്റർ മറ്റൊരുവ്യക്തിക്കു നൽകിയതു നിങ്ങൾക്കുകൂടി നൽകാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ ചോദ്യംചെയ്യലാണ്.

## ഡോ. ഇചക് അടിസെസിന്റെ സന്ദർശനം

ഡിസംബർ 14 മുതൽ 16 വരെ മൂന്നു ദിവസത്തെ ജി.എസ്.റ്റി. പരിപാടി നടത്തുവാൻ സഹോ. ഇചക് അടിസെസ് വന്നിരുന്നു. ഒരു ദിവസം സഹോ. ഇചക് മാസ്റ്ററെറോട് മനുഷ്യവംശത്തിന്റെ ഭാവിയേക്കുറിച്ച് ചോദിക്കുകയും അതിനു മാസ്റ്റർ അത് നന്നായിരിക്കുമെന്നു പറയുകയും ചെയ്തു. കൂടുതലായി സഹോദരൻ ന്യൂക്ലിയർ ഭീഷണിയേയും നശീകരണത്തേയും കുറിച്ച് പറയുവാൻ നിർബന്ധിച്ചപ്പോൾ മാസ്റ്റർ പറഞ്ഞു.“ഇതു നശീകരണമല്ല. പുരോഗതിയുടെ പാതയിലെ തടസ്സങ്ങൾ നീക്കുകയാണ്.“ വിഷയം പിന്നീടു ദൈവം, മാസ്റ്റർ, ആരെ വിശ്വസിക്കാം എന്നിവയിലേക്കു തിരിഞ്ഞു. മാസ്റ്റർ പറഞ്ഞു, “ഞാൻ എന്റെ മാസ്റ്ററെ, ബാബുജി മഹാരാജിനെ വിശ്വസിക്കുന്നു, ദൈവത്തിനെയല്ല, എന്തെന്നാൽ സഹജമാർഗപദ്ധതി പ്രകാരം ദൈവത്തിനു മനസ്സില്ല, അദ്ദേഹം ഈ ലോകത്തെ സൃഷ്ടിച്ചു, അതോടുകൂടി അദ്ദേഹത്തിന്റെ ജോലി കഴിഞ്ഞു.“ അതിനുശേഷം മാസ്റ്റർ പറഞ്ഞു: ”വിധിയെ നടപ്പിലാക്കുന്നവർക്ക് സ്വയം പ്രവർത്തിക്കുവാനാകില്ല. അവർക്ക് ഭൂമിയിൽ ഗുരുവിനെപ്പോലെയുള്ളൊരു മാദ്ധ്യമം വേണം. അദ്ദേഹത്തിലൂടെ അവർ പ്രവർത്തിക്കുന്നു.“ സഹോ. ഇചക് അപ്പോൾ സ്നേഹത്തിൽ ഭയത്തിന്റെ സ്ഥാനമെന്താണെന്നു ചോദിച്ചു. മാസ്റ്റർ പറഞ്ഞു: “ഒരേയൊരു കാരണം നമുക്കൊന്നും നൽകുവാൻ പറ്റാത്തതിനാലാണ്. കൊടുക്കു, കൊടുത്തുകൊണ്ടേയിരിക്കു, ഭയം മാറി പോകും.“ അദ്ദേഹം തുടർന്നു: ”നിങ്ങൾ നൽകിക്കൊണ്ടിരുന്നാൽ കൂടുതലായി നിങ്ങൾക്കു നൽകാനുണ്ടാവും.ഇതിനു ഞാൻ ഉറപ്പുതരുന്നു.“

ഡിസംബർ 16-ാം തിയ്യതി ഞായറാഴ്ച്ച, മാസ്റ്റർ ജാർഖണ്ഡിൽനിന്നും അദ്ദേഹത്തെ കാണുവാൻ അദ്ദേഹത്തിന്റെ വീട്ടിൽ കാത്തിരുന്ന അഭ്യാസികളെ കണ്ടു. ആശ്രമത്തിൽ സത്സംഗം നടത്തുകയും ഡോ.ഇചക് അടിസെസ് നടത്തുന്ന ഭാരവാഹികൾക്കുള്ള പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. പ്രിഫെക്റ്റുകൾ ഒരു കൂട്ടം അഭ്യാസികളുടെ ആധ്യാത്മിക പുരോഗതി ഏൽപ്പിക്കപ്പെട്ടവരാണെന്നും, അക്കാര്യങ്ങളിൽ മേൽനോട്ടം വഹിക്കാൻ അവർ അവകാശപ്പെട്ടവരാണെന്നും പ്രിഫെക്റ്റുകളേക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. “അഭ്യാസികളെ ഉയർത്തുവാനായി പ്രിഫെക്റ്റുകൾ ഏറ്റവും താഴ്ന്ന നിലക്ക്, നരകത്തിലേക്കു പോകുവനും തയ്യാറാകണം”, അദ്ദേഹം അഭിപ്രായപ്പെട്ടു.

ഞായറാഴ്ച 23-ാം തിയ്യതി മാസ്റ്റർ എട്ടു വിവാഹങ്ങൾ നടത്തി. ക്രിസ്തുമസ് ദിവസം അദ്ദേഹം അഭ്യാസികൾക്ക് ആശ്ചര്യമായി ആശ്രമത്തിൽ ഒരു സത്സംഗം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹത്തിന്റെ പതിവു ദിനചര്യയായ കോട്ടേജ് നവീകരണം പരിശോധിച്ചശേഷം ഓഡിട്ടോറിയം ബ്ലോക്കിലേക്കു പോയി. അദ്ദേഹം കുറെ ക്രിസ്തീയ പശ്ചാത്തലമുള്ള രാജ്യാന്തര/ഇന്ത്യൻ അഭ്യാസികളെ ക്ഷണിച്ച് സമ്മാനങ്ങൾ നൽകി.

ശനിയാഴ്ച്ച ഡിസംബർ 29-ന് തോരാതെ മഴ പെയ്യുന്നുണ്ടെങ്കിലും, മോശമായ കാലാവസ്ഥയെ വകവെയ്ക്കാതെ മാസ്റ്റർ ഒരു മണിക്കൂർ നീണ്ട സത്സംഗം നടത്തി, ഉടനെ ഗായത്രിയിലേക്കു തിരിച്ചു. വൈകുന്നേരം ഗായത്രിയിൽ സിറ്റിങ്ങുനുശേഷം അദ്ദേഹം ചില അഭ്യാസികളിൽനിന്നും സമ്മാനങ്ങൾ സ്വീകരിച്ചു. സഹോദരി അല്ലയും സഹോദരൻ ഇഗൊറും ലോകത്തിലെ രണ്ടാമത്തെ വലിയ മരമായ കാലിഫോർണിയയിലെ സിക്കോയിയായുടെ ഒരു ഛായാചിത്രം കൊണ്ടുവന്നിരുന്നു. ആ മരത്തിന്റെ പ്രായം കൂടുംതോറും ബലം കൂടിവരുന്നതായും, അതേപോലെ മാസ്റ്ററും കൂടുതൽ ബലവാനാകുമെന്നും ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങിനെ കൂടുതൽ ബലവാനാകുന്നതിനാൽ റഷ്യയിലേക്കും സത്കോലിലേക്കും പോകുവാൻ വേണ്ടിവരുമെന്നുപറഞ്ഞ് ശൈത്യകാല വസ്ത്രങ്ങൾ കൊടുത്തു. മാസ്റ്റർ ചിരിച്ചുകൊണ്ട് നന്ദിയോടെ അവ സ്വീകരിച്ചു.

ഡിസംബർ 31-ാം തിയ്യതി ഉറങ്ങുവാൻ പോകുന്നതിനു മുൻപായി ഒരു അഭ്യാസി പറഞ്ഞു: “മാസ്റ്റർ, ഈ വർഷം ഞങ്ങൾക്കു കിട്ടിയ ഏറ്റവും വലിയ സമ്മാനം അങ്ങയെ ഗുരുതരമായ രോഗങ്ങളിൽനിന്നും തിരിച്ചു കിട്ടിയതാണ്”. അതിനു മാസ്റ്റർ പറഞ്ഞു: “എനിക്കു കിട്ടിയ സമ്മനം എന്നൊടൊപ്പമുള്ള നിങ്ങളുടെയൊക്കെ സാന്നിധ്യമാണ്”. വികാരനിർഭരമായ നിമിഷങ്ങളായിരുന്നു അവ. ഏവരും നിശ്ശബ്ദരായി. മാസ്റ്റർ എല്ലാവർക്കും സന്തോഷഭരിതമായ പുതുവർഷം ആശംസിക്കുകയും ഉറങ്ങുവാൻ പോകുകയും ചെയ്തു.






## മണപ്പാക്കം ആശ്രമത്തിൽ നടന്ന സെമിനാറുകൾ

### 2012 ഒക്ടോബർ 16 മുതൽ 21 വരെ

ഗൊരഖ്പൂരിൽ നിന്നുമുള്ള 250 അഭ്യാസികളും പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ് എന്നീ സ്ഥലങ്ങളിൽ നിന്നുമുള്ള സെൻററുകളിൽ നിന്നും 400-ഓളം അഭ്യാസികളും ഈ സെമിനാറിൽ പങ്കെടുത്തു.

### 2012 ഒക്ടോബർ 23 മുതൽ 28 വരെ

നോയ്ഡയിലെ 200 ഓളം അഭ്യാസികളും മറ്റു സെൻററുകളായ ഫൈസാബാദ്, ഫരീദാബാദ്, അലീഗഢ്, രാംപൂർ, ചിക്ലി എന്നീ സെൻററുകളിൽ നിന്നുമായി ഏകദേശം 500 അഭ്യാസികൾ സത്സംഗങ്ങളിലും ചർച്ചകളിലും മീറ്റിങ്ങുകളിലും സിറ്റിങ്ങുകളിലും പങ്കെടുത്തു.

### 2012 ഓക്ടോബർ 30 മുതൽ നവംബർ 4 വരെ

ബാംഗ്ലൂരിൽ നിന്നുമുള്ള എകദേശം 1300 അഭ്യാസികൾ സെമിനാറിൽ പങ്കെടുക്കാനെത്തി. ആദ്യ ദിവസം സഹോ. കമലേഷ് സംസാരിച്ചു, തുടർന്ന് എല്ലാ ദിവസവും പ്രഭാഷണങ്ങളും വൈകുന്നേരങ്ങളിൽ ഡിവിഡി പ്രദർശനവും ഉണ്ടായിരുന്നു. പ്രിഫെക്റ്റുകൾക്കായി പ്രത്യേകം യോഗങ്ങളും സംഘടിപ്പിച്ചു.

വിരുദുനഗർ, ആലുവയും അടുത്തുള്ള സെൻററുകളും, നാഗ്പൂർ, ബറേലി എന്നിവിടങ്ങളിൽ നിന്നുമായി അഭ്യാസികൾ സെമിനാറിനെത്തിയിരുന്നു. നാഗ്പൂരിൽ നിന്ന് വന്ന കുട്ടികളുടെ ഒരു സംഘം ആശ്രമം വളരെ ജീവസ്സുറ്റതാക്കി മാറ്റുന്നുണ്ടായിരുന്നു. ഈയാഴ്ച ഏകദേശം 500 അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു.

### 2012 നവംബർ 12 മുതൽ 18 വരെ

ദീപാവലിവാരത്തിൽ ഗുജറാത്തിൽ നിന്ന് വന്ന 1200 ഓളം അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു. മാസ്റ്ററുടെ ആരോഗ്യം മെച്ചപ്പെട്ടിരുന്നതിനാൽ അദ്ദേഹം ചൊവ്വാഴ്ച്ചയും ബുധനാഴ്ച്ചയും ആശ്രമത്തിൽ വരികയും, സത്സംഗം നടത്തുകയും, അഭ്യാസികളെയും കുട്ടികളെയും കാണുകയും ചെയ്തു. എല്ലാവർക്കും അദ്ദേഹത്തിൻെറ സാന്നിദ്ധ്യം അനുഭവവേദ്യമായി.

### 2012 നവംബർ 20 മുതൽ 25 വരെ

ആന്ധ്രപ്രദേശിലെ കരിംനഗർ, തിരുപ്പതി, ഗോദാവരിഖനി(പെദ്ദപ്പള്ളി, ജമ്മിക്കുണ്ട, മൻജേരിയൽ, ജയ്പുരം, ശ്രിരാംപുർ, മന്ദമരി, ബെല്ലമ്പള്ളി, ഗൊലെട്ടി, അസിഫബാദ്, സിർപുർ തുടങ്ങിയ) ജില്ലകളിലെയും, കർണ്ണാടകയിലെ ബെല്ലാരി, കംബ്ലിക്കൊട്ടൽ, ഗംഗാവതി എന്നിവിടങ്ങളിലെയും ഏകദേശം 700 അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു.

### 2012 നവംബർ 27 മുതൽ ഡിസംബർ 2 വരെ

സിംഗപ്പൂർ, മലേഷ്യ, ഇൻഡോനേഷ്യ, ഫിലിപ്പീൻസ്, തായ്ലാൻറ്, ജപ്പാൻ എന്നിവിടങ്ങളിൽ നിന്നുള്ള 150 ഓളം അഭ്യാസികൾ പങ്കെടുത്തു. ഈ സെമിനാറിൻെറ നടത്തിപ്പിനായ് മാസ്റ്റർ പ്രത്യേകതാത്പര്യമെടുത്തിരുന്നു. പരിപാടി നന്നായി നടത്തപ്പെട്ടു. എല്ലാ പ്രിസപ്റ്റർമാരെയും മാസ്റ്റർ സഹോദരൻ മാധവയുടെ വീട്ടിലേയ്ക്ക് ക്ഷണിക്കുകയും ഒരു ദീർഘപ്രഭാഷണം നടത്തുകയും അതിനുശേഷം ഒരു സിറ്റിംഗ് നൽകുകയും ചെയ്തു. ഗംഭീരമായ ഒരു പരിസമാപ്തിക്കായെന്നപോലെ മാസ്റ്റർ ഞായറാഴ്ച്ച ഗോൾഫ്കാർട്ടിൽ ആശ്രമത്തിൽ വരികയും സത്സംഗം നടത്തുകയും ചെയ്തു.

### 2012 ഡിസംബർ 4 മുതൽ 9 വരെ

ആഗ്രയിലെയും സമീപസെൻററുകളായ റായ്ബറേലി, ചദ്രാപുർ, ഫത്തേപുർ, ഇറ്റാ എന്നിവടങ്ങളിൽ നിന്നുള്ള ഏകദേശം 750 അഭ്യാസികളുടെ ഒരു വലിയ സംഘം വന്നുചേർന്നു. മാസ്റ്റർ ഗായത്രിയിലായിരുന്നു. താൻ ഗായത്രിയിൽ വന്നത് വിശ്രമിക്കാനും ആരോഗ്യം വീണ്ടെടുക്കാനുമാണെന്ന് മാസ്റ്റർ ഊന്നി പ്പറയുന്നുണ്ടായിരുന്നു. സെമിനാർ സാധാരണ രീതിയിൽ എല്ലാ സത്സംഗങ്ങളുമുൾപ്പെടെ പുരോഗമിച്ചു. സത്സംഗങ്ങൾ, മീറ്റിംഗുകൾ തുടങ്ങിയവ നടത്തുന്നതിൽ സഹോദരൻ കമലേഷ് പട്ടേലിൻെറ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.

### 2012 ഡിസംബർ 11 മുതൽ 16 വരെ

ബിഹാറിലെയും ജാർഖണ്ഠിലെയും ഏകദേശം 750 അഭ്യാസികൾ ഏറെ ക്ലേശം സഹിച്ച് മണപ്പാക്കത്തെത്തി. മാസ്റ്റർ കഴിയുന്നത്ര അഭ്യാസികളെക്കാണാൻ ശ്രമിച്ചു. പിന്നീടെല്ലാവർക്കും അതിശയം സമ്മാനിച്ച് ഡിസംബർ 16 ഞായറാഴ്ച്ച രാവിലെ ആശ്രമത്തിൽ വെച്ച് സത്സംഗം നടത്തി.

### 2012 ഡിസംബർ 18 മുതൽ 23 വരെ

ആന്ധ്രപ്രദേശിലെ അമലാപുരം, ഗുണ്ടൂർ, കടപ്പ എന്നിവിടങ്ങളിൽ നിന്നുള്ള 600 ഓളം അഭ്യാസികളും കർണ്ണാടകയിലെ റയ്ച്ചൂരിൽ നിന്നുള്ള ഏകദേശം 25 അഭ്യാസികളും സെമിനാറിൽ പങ്കെടുത്തു. സാധരണയുള്ള സത്സംഗങ്ങൾക്കു പുറമേ പരിശുദ്ധി, സംസ്കാരങ്ങൾ, മാസ്റ്ററുടെ പങ്ക്, മതവും ആത്മീയതയും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങളുമുണ്ടായിരുന്നു. പ്രിഫക്റ്റർമാരുടെ ഒരു മീറ്റിംഗും ഉണ്ടായിരുന്നു. ഡിസംബർ 23 ഞായറാഴ്ച്ച സഹോദരൻ കമലേഷ് സത്സംഗം നടത്തി. അന്നേദിവസം തന്നെ ഗായത്രിയിൽ വെച്ച് മാസ്റ്റർ എട്ട് വിവാഹങ്ങൾ നടത്തിക്കൊടുത്തു.

### 2012 ഡിസംബർ 25 മുതൽ 30 വരെ

ഈയാഴ്ച്ചയിൽ ശ്രദ്ധേയമായത് ശ്രീലങ്കയിൽ നിന്നും വന്ന ഏകദേശം 40 അഭ്യാസികളുടെ പങ്കാളിത്തമാണ്. തമിഴ്ഭാഷയിൽ രണ്ട് ദിവസമായി നടത്തപ്പെട്ട 'ഗ്രൗണ്ടിംഗ് ഇൻ ദി പ്രാക്റ്റീസ്' എന്ന പരിപാടിയിലും ഇവർ പങ്കെടുത്തു. വളരെ ദൂരെ നിന്നും വന്ന അഭ്യാസികളെ കാണുവാൻ മാത്രമായി ക്രിസ്മസ് ദിനത്തിലും ശനിയാഴ്ച്ചയും ആശ്രമത്തിലെത്തിയ മാസ്റ്ററിലായിരുന്നു എല്ലാവരുടെയും ശ്രദ്ധ. ജമ്മു-കാശ്മീരിൽ നിന്നും വന്ന ഏകദേശം 80 അഭ്യാസികൾക്ക് (അതിൽ തന്നെ മിക്കവരും ആദ്യത്തെ തവണ വന്നവർ) മാസ്റ്ററെ കാണുവാൻ അവസരം ലഭിച്ചു. ഇവരെ കൂടാതെ ഉത്തർപ്രദേശിലെയും, മഹാരാഷ്ട്രയിലെയും, രാജസ്ഥാനിലെയും, ഹിമാചൽപ്രദേശിലെയും വിവിധ സെൻററുകളിൽ നിന്നുള്ള ധാരാളം അഭ്യാസികൾ വന്നു ചേർന്നിരുന്നു. ഇവരെല്ലാം കൂടി ഏകദേശം 950 പേരുണ്ടായിരുന്നു.

# യുവാക്കൾ ഉണരുന്നു

## സഹജമാർഗത്തിൽ യുവാക്കളുടെ പങ്ക്–പന്‌വേൽ ആശ്രമം, മുംബൈ



മുംബെയിൽ പന്‌വേൽ ആശ്രമത്തിൽ വെച്ച്, സഹോ. മോഹൻദാസ് ഹെഗ്ഡെ ഒക്ടോബർ ആറിന് ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഏകദേശം നാൽപ്പതോളം ആളുകൾ അതിൽ പങ്കെടുത്തു. മാസ്റ്റർ, മിഷൻ, പദ്ധതി എന്നിവയെക്കുറിച്ച് മനസ്സിലാക്കുക, മിഷൻെറ പ്രവർത്തങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുക്കുവാനായി യുവാക്കളെ പ്രോത്സാഹിപ്പിക്കുക, ഒത്തൊരുമയുടെ ഒരുണർവ്വ് വളർത്തിയെടുക്കുക എന്നതെല്ലാമായിരുന്നു ആ പരിപാടിയുടെ ഉദ്ദേശ്യം.

സാധനയോടുള്ള ഒരുവൻെറ മനോഭാവം എന്തായിരിക്കണം, എങ്ങനെ ആദ്ധ്യാത്മികതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു ഭൗതികജീവിതം നയിക്കാം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട്: 'സാധനയുടെ' ആശയം ചർച്ച ചെയ്യപ്പെട്ടു.ഈ വിഷയത്തിൽ നാം ആർജ്ജിക്കേണ്ടതായ വർത്തമാനകാലത്തിൽ ജീവിക്കുക എന്ന മനോഭാവത്തെപ്പറ്റി ഊന്നിപ്പറഞ്ഞു. 'ഒരു വളണ്ടിയറുടെ ഗുണങ്ങൾ' എന്ന വിഷയത്തിൽ ശരണാഗതി, ക്ഷമ, സഹിഷ്ണുത എന്നീ മനോഭാവങ്ങളെപ്പറ്റി; വളൻറിയർ വർക്ക് ചെയ്യുമ്പോൾ നാം ആർജ്ജിക്കേണ്ടതായ മനോഭാവങ്ങളെപ്പറ്റി ചർച്ച ചെയ്യപ്പെട്ടു. 'മാസ്റ്റർ നമ്മുടെ മാതൃകാപുരുഷൻ' എന്ന ആശയം, മാസ്റ്റർ എനിക്ക് എന്താകുന്നു എന്നതിനെപ്പറ്റി ആത്മവിചാരം ചെയ്യാനുള്ള ത്വര ഉണർത്തിവിട്ടു. 'ആദ്ധ്യാത്മിക സൗഖ്യത്തിൻെറ അടിസ്ഥാനം സ്വഭാവമാണ്' എന്ന ആശയം ചർച്ച ചെയ്യപ്പെട്ടപ്പോൾ ആദ്ധ്യാത്മികതയുടെ അടിത്തറ സദാചാരമൂല്യങ്ങളാണ് എന്ന് ഉറപ്പിച്ചു. 'സഹജമാർഗത്തിലെ പത്തു പ്രമാണങ്ങളുടെ പ്രാധാന്യം' എന്ന വിഷയത്തിൽ പരിശീലനത്തോടെ പരിപാടി അവസാനിച്ചു. മൂന്ന് M കളെക്കുറിച്ച് പങ്കെടുത്തവർക്ക് കൂടുതൽ ഗ്രാഹ്യം ഉണ്ടായി.

## സഹജമാർഗ് യൂത്ത് ക്ലബ്ബ്–തിരുപ്പൂർ

തിരുപ്പൂർ സെൻററിൽ, യുവാക്കളായ ധ്യാന ഹാളിലെ വളൻറിയർമാർ പ്രവർത്തിയെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ച്ചപ്പാടുകൾ പങ്കുവെക്കാനായി ഒത്തുചേരാറുണ്ടായിരുന്നു. ഒക്ടോബർ 29 ന് മാസ്റ്ററുടെ അനുമതിയോടെ കായിക പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്ലബ്ബ്, 'സഹജമാർഗ യൂത്ത് ക്ലബ്' രൂപവൽക്കരിക്കപ്പെട്ടു. ഇതിൻെറ ഉദ്ഘാടനം നവംബർ 4–നു കാംഗേയത്ത് നടന്നു. സഹോ. എൻ.പ്രകാശ് ഉദ്ഘാടനപ്രസംഗം നടത്തി. സഹോ. എസ്.എസ്. രാമകൃഷ്ണൻ ,സഹോ.രവി സുബ്ബയ്യൻ, സഹോ. ഏഴിലരശി എന്നിവർ അദ്ദേഹത്തിൻെറ സ്മരണയിൽ മിഷനെ സേവിക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിച്ചു.

നവംബർ 11 മുതൽ 13 വരെ ക്ലബ്ബിലെ 25 പേർ അടങ്ങുന്ന ഒരു സംഘം, ആദ്ധ്യാത്മിക സംഗമത്തിനും, വളണ്ടിയർ സേവക്കുമായി നാട്രാമ്പിള്ളി ആശ്രമത്തിൽ ഒത്തുകൂടി. വൃത്തിയാക്കലിനു പുറമെ, പുസ്തകങ്ങൾ വായിക്കുക, കൂട്ടായുള്ള ചർച്ചകൾ, ചോദ്യോത്തര വേളകൾ, മാസ്റ്ററുടെ DVD പ്രദർശനം, പല വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ എന്നിവയും സത്സംഗങ്ങളും ഉണ്ടായിരുന്നു. ആനന്ദവും ഉത്സാഹവും പരിപാടി മുഴുവൻ നിറഞ്ഞു നിന്നു.

## 'സഹിഷ്ണുത'– വഡോദരയിലെ യുവാക്കൾക്കായുള്ള ഒരു ശിൽപ്പശാല

ഡിസംബർ 16–ന് സഹോ. എലിസബത്ത് ഡെൻലെ, ബറോഡയിലേയും, ആനന്ദിലേയും, നാദിയദിലേയും യുവാക്കളുമായി സംവദിക്കുകയുണ്ടായി. 'സാധനയിൽ നിലയുറപ്പിക്കുക' എന്ന പരിശീലന പദ്ധതിയിലെ 'സഹിഷ്ണുത' എന്നതായിരുന്നു വിഷയം. അഞ്ച് പരിശീലകരും, സഹോ. എലിസബത്തും കൂടി രണ്ടു മണിക്കൂർ നീണ്ടു നിന്ന ഒരു പരിപാടി നടത്തി. ക്ഷമ, സഹിഷ്ണുത എന്നീ വിഷയങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയത്. 'ശ്രവിക്കുക എന്നിട്ട് സംസാരിക്കുക' എന്ന വിഷയത്തിൽനിന്നും ആരംഭിച്ചു. 'കേൾക്കുക എന്നിട്ട് ഹൃദയത്തിൽനിന്നും സംസാരിക്കുക' എന്ന വിഷയത്തിലെ മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളിലെ ഭാഗങ്ങൾ വായിക്കുകയുണ്ടായി. അറുപതോളം വരുന്ന അഭ്യാസികളെ ഓരോ കൂട്ടമായി തരം തിരിക്കുകയും അവരെ സഹായിക്കാനും മാർഗനിർദ്ദേശം നടത്തുവാനുമായി ഒരു പരിശീലകനെ ഏൽപ്പിക്കുകയും ചെയ്തു.

പിന്നീട് ഇതിൽ പങ്കെടുത്തവരെ രണ്ടു പേരുള്ള ഗ്രൂപ്പായി തിരിക്കുകയും, തങ്ങൾ അസഹിഷ്ണുത പ്രകടിപ്പിച്ച അവസരങ്ങളെക്കുറിച്ച് പരസ്പരം പങ്കുവെക്കുകയും ചെയ്തു. എപ്രകാരം ഈ അസഹിഷ്ണുത തങ്ങളുടെ വ്യക്തി ബന്ധങ്ങളെ ബാധിച്ചു എന്നും അവർ പങ്കുവെച്ചു. 'നിശ്ശബ്ദമായ' അസഹിഷുണത എന്ന വിഷയം ഒരു അഭ്യാസി പങ്കുവെച്ചു. ഋണാത്മകമായ ശരീരഭാഷ മൂലം എപ്രകാരമാണ് ഈ നിശ്ശബ്ദമായ അസഹിഷ്ണുത പ്രകടമാക്കുന്നത് എന്നും ചർച്ച ചെയ്തു. പരിസമാപ്തിയിൽ ഓരോരുത്തർക്കും വിചാരം ചെയ്യുന്നതിനായി കുറച്ചു വാചകങ്ങൾ നൽകി. ചുരുക്കത്തിൽ ഈ പരിപാടി പങ്കെടുത്തവർക്കും വളരെ സഹായകരമായിരുന്നു.



## പ്രിഫെക്റ്റ് യോഗങ്ങൾ



### എൻ.സി.ആർ. ഡൽഹി സോൺ

24 നവംബറിൽ ഡൽഹിയിൽ നടന്ന പ്രിസപ്റ്റർമാരുടെ യോഗത്തിൽ 80 പ്രിസപ്റ്റർമാർ പങ്കെടുത്തു. സഹോ. കമലേഷ് പട്ടേൽ മണപ്പാക്കത്തുനിന്നും വീഡിയോ വഴി ഉദ്ഘാടന സന്ദേശം നൽകി. ആദ്ധ്യാത്മിക വിഷയങ്ങളായ മാറ്റങ്ങളെ നേരിടൽ, സംവേദന ക്ഷമത, എളിമ, സമർപ്പണം, സിറ്റിംഗ് കൊടുക്കുന്നതിനുമുമ്പ് സ്വന്തം നില നിരീക്ഷിക്കുവാനുള്ള പാടവം മുതലായവയെക്കുറിച്ച് സംസാരിച്ചു. സോണൽ ഇൻ ചാർജ് ഡോ. സത്യ മണ്ഡൽ മാറ്റങ്ങളെ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. അഞ്ചു ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ വിഷയം ചർച്ചയ്ക്ക് നൽകി. അടുത്ത യോഗത്തിൽ ഗ്രൂപ്പിനെ നയിക്കുന്ന ആൾ വിഷയം കൈകാര്യം ചെയ്യേണ്ട രീതി അവതരിപ്പിക്കും. സഹോ.സുധീർ മർവ, ബുറായ് ആശ്രമത്തിന്റെ സ്ഥലം വാങ്ങിയതിന് ശേഷമുള്ള പുരോഗതികളെക്കുറിച്ച് വിശദീകരിച്ചു.

### ജയ്പ്പൂർ,രാജസ്ഥാൻ



ജയ്പ്പൂർ സോണൽ ആശ്രമത്തിൽ ഒക്ടോബർ 21,22 തിയതികളിൽ പ്രിസപ്റ്റർമാരുടെ ഒരു യോഗം സംഘടിപ്പിച്ചു. ആ യോഗത്തിൽ പ്രിസപ്റ്റർമാരുടെ സേവനം മെച്ചപ്പെടുത്തുവാനും മികവുറ്റതാക്കുവാനുമായി ഒരു സബ്സോൺ ഉണ്ടാക്കുന്നതിനും, പുതിയ പ്രിസപ്റ്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള പദ്ധതിക്കും യുവാക്കളുടെ പരിശീലനത്തിനും ഊന്നൽ നൽകി. പങ്കെടുത്തവരെ ഭൂമിശാസ്ത്രപരമായി നാലായി തിരിച്ച് ഓരോ സംഘത്തിനും ഓരോ സംഘാടകനെ നിശ്ചയിച്ചു. ചർച്ചകൾക്കുശേഷം സംഘാടകർ അവരുടെ പദ്ധതികൾ അവതരിപ്പിച്ചു. അടുത്തദിവസം പ്രിസപ്റ്റർമാരാവാൻ യോഗ്യതയുള്ളവരെ കണ്ടുപിടിച്ച് പരിശീലനം നൽകി പോഷിപ്പിക്കേണ്ടതിനെക്കുറിച്ച് വിശദീകരിച്ചു. പങ്കെടുത്തവരെല്ലാം സംതൃപ്തരും ഉന്മേഷവാന്മാരുമായി കാണപ്പെട്ടു.



### കർണ്ണാടക

ദക്ഷിണ കർണ്ണാടക സോൺ സെൻററുകളിലെ പ്രിസപ്റ്റർമാരുടെ "ട്രാവൽ വീക്ക്" ഡിസമ്പർ 8,9 തിയതികളിൽ സംഘടിപ്പിച്ചു. 27 പ്രിസപറ്റർമാർ 24 സെൻററുകൾ സന്ദർശിച്ചു. 24 ഹോം മീറ്റിംഗുകൾ, 17 സെൻററുകളിൽ മുഴുവൻ ദിന പരിപാടി, 6 സെൻററുകളിൽ അര ദിവസത്തെ പരിപാടി എന്നിവ ഈ വാരാന്ത്യത്തിൽ നടന്നു. ഈ പരിപാടിയിലെ വിഷയം മിഷൻ സാഹിത്യം വായിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയായിരുന്നു. പരിപാടിയുടെ തുടക്കത്തിൽ വ്യക്തിഗത സിറ്റിംഗും അതു കഴിഞ്ഞ് വീടുകളിൽ കൂടിച്ചേരലുകൾ, ശേഷം സാധനയിലെ അടിസ്ഥാന ഘടകങ്ങളെപ്പറ്റിയുള്ള ചർച്ച എന്നിങ്ങനെയായിരുന്നു. ഞായറാഴ്ചയിലെ പരിപാടി സത്സംഗത്തോടെ തുടങ്ങി. അതിനുശേഷം സഹോ. കമലേഷ് പട്ടേൽ നിർദ്ദേശിച്ച 9 മിഷൻ പുസ്തകങ്ങൾ വായിക്കേണ്ടതിന്റെ പ്രാധാന്യം എന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

### വടക്കൻ കർണ്ണാടകയിലെ പ്രിഫക്റ്റിന്റെ സന്ദർശനം

ഡിസമ്പർ 7,8 തിയതികളിൽ സഹോ. എൻ.എസ്.നാഗരാജ്, സഹോ. സി.ജി.പ്രസന്ന കൃഷ്ണ, സഹോ. ഗിരീഷ് ടോട്ലൂർ ,പബ്ലിക്കേഷൻ വളണ്ടിയർമാർ എന്നിവർ ചേർന്ന് വടക്കൻ കർണ്ണാടകയിലെ പല സെൻററുകൾ സന്ദർശിക്കുകയും സത്സംഗങ്ങൾ നടത്തുകയും സംസാരിക്കുകയും ചെയ്തു. സോണൽ ഇൻ ചാർജ് സഹോ. രാജു കാഷാംപൂർക്കാർ തദ്ദേശ പ്രിസപ്റ്റർമാരോടുകൂടെ സെഡാം, ഷോരപ്പൂർ, യാദ്ഗീർ, ഗോഗി, ഹുംനാബാദ്, ബന്ദകി, ബീദർ എന്നീ സെൻററുകൾ സന്ദർശിക്കുകയും ബീദറിൽ ഡിസമ്പർ 8 ന് മുഴുദിന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു.

ഡിസമ്പർ 9-ന് വടക്കൽ കർണ്ണാടകയിലെ എല്ലാ പ്രിസപ്റ്റർമാരും 270 അഭ്യാസികളും ഗുൽബർഗ ആശ്രമത്തിൽ ഒത്തുകൂടി. ഹൃദയത്തിൽനിന്നും സേവിക്കുക എന്ന വിഷയം അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ഓരോ സംഘമായി ചോദ്യോത്തരങ്ങൾ പങ്കിടുകയും ചെയ്തു. സായാഹ്നത്തിൽ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയും അതിൽ സഹോ. നാഗരാജ്, പ്രസന്ന കൃഷ്ണ, രാജു എന്നിവർ സംസാരിക്കുകയും ചെയ്തു. 30 പേർ പങ്കെടുത്തതിൽ 10 പേർ സാധന ആരംഭിച്ചു.



## അസ്സാമിൽ ജോയിൻറ് സെക്രട്ടറിയുടെ സന്ദർശനം



അസ്സാമിലെ ഇന്ത്യൻ ഓയിൽ കോർപറേഷൻെറ ക്ഷണമനുസരിച്ച് ഒക്ടോബർ 31–നു ജോയിൻറ് സെക്രട്ടറി ശ്രീ എ.പി.ദുരൈ ദിഗ്ബോയിൽ "വിജിലൻസ് അവേർനസ്സ് വീക് 2012" എന്ന പരിപാടിയിൽ പങ്കെടുക്കാൻ എത്തി. ബുധനാഴ്ച ആയിരുന്നതിനാൽ ഏകദേശം 40 അഭ്യാസികൾ അവിടെ വന്നുചേർന്നിരുന്നു. അദ്ദേഹം അവരുമായി ഏകദേശം ഒരു മണിക്കൂർ ചിലവഴിച്ചു. അപ്പോൾ അഭ്യാസികളോടു ശ്രീ ദുരൈ സഹജമാർഗ സാധനയുടെ വിവിധ വശങ്ങളെപ്പറ്റി സംസാരിക്കാൻ ആവശ്യപ്പെട്ടു. ശ്രീ ദുരൈയുടെ മടക്കയാത്രയിൽ നവംബർ 4–നു ഞായറാഴ്ച തീൻസൂക്യ ആശ്രമത്തിൽ സത്സംഗത്തിനുശേഷം ഇതേ പരിപാടി രണ്ട് മണിക്കൂർ നേരത്തേക്ക് ആവർത്തിച്ചു. അഭ്യസികൾ ഇതുവളരെ ഇഷ്ടപെട്ടു. അവിടെയുള്ള പ്രിഫക്ടുമാർ ഇത്തരം പരിപാടികൾ ഭാവിയിൽ സംഘടിപ്പിക്കാമെന്ന് വാഗ്ദാനം ചെയ്തു.

നവമ്പർ 1–നു ദിഗ്ബോയിൽ അവിടുത്തെ പ്രിഫെക്ടും ഇന്ത്യൻ ഓയിൽ കോർപറേഷൻെറ മുഖ്യസുരക്ഷാ മാനേജരുമായ ശ്രീ സുനന്ദ് പാണ്ഡേ ഹൈസ്ക്കൂളിൽ ഒരു ചർച്ചാവേദി സംഘടിപ്പിച്ചു. 'അഭിലാഷങ്ങളേക്കാൾ മൂല്യങ്ങളായിരിക്കണം വിദ്യാർത്ഥികളുടെ ഇന്ധനം' എന്ന വിഷയത്തെക്കുറിച്ച് ചർച്ചനടത്തി. ഈ ചർച്ച ഉന്നത നിലവാരം പുലർത്തി. ചർച്ചയുടെ അവസാനം ശ്രീ ദുരൈ മൂല്യങ്ങളെക്കുറിച്ചും അഭിലാഷത്തെപ്പറ്റിയും മാസ്റ്ററുടെ അദ്ധ്യാപനങ്ങൾ വിശദീകരിച്ചു. അടുത്തദിവസം കോർപറേഷൻെറ ജോലിക്കാരും അവരുടെ കുടുംബങ്ങളും പങ്കെടുത്ത യാത്രയയപ്പുയോഗത്തിൽ പങ്കെടുക്കുകയും പാരിതോഷികങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ധ്യാനം വഴി ആന്തരിക ജാഗരൂകത വളർത്തേണ്ടതിനെപ്പറ്റി അദ്ദേഹം പിന്നീട് സംസാരിച്ചു.

നവമ്പർ 3–നു വൈകുന്നരേം ക്ഷണിച്ചുവരുത്തിയ കുറച്ചുപേർക്കായി ഒരു ധ്യാനശിൽപശാലനടത്തി. ദിഗ്ബോയ്,





തീൻസുക്യ, ഡൂംഡുമ, മാർഗരിട്ട, സിബ്സാഗർ എിവിടങ്ങളിൽനിന്നു വന്ന ഏകദേശം 60 അഭ്യാസികൾ സംസാരിച്ചു. ശ്രീ ദുരൈയുടെ സഹജമാർഗത്തെ പറ്റിയുള്ള വിവരണത്തോടെ, പരിപാടി അവസാനിച്ചു. 7 പേർ ധ്യാനം പരിശീലിക്കാൻ തുടങ്ങി.

അന്നുവൈകുന്നേരം ദിഗ്ബോയിലെ ഓഫീസർ ക്ലബിൽ 'ധ്യാനം വഴി വ്യക്തി വികാസം' എന്ന വിഷയത്തെപ്പറ്റി ചർച്ചനടന്നു.അതിൽ ഏകദേശം 50 പേർപങ്കെടുത്തു. ഗുരുവിൻെറ സഹായത്തോടുകൂടി ധ്യാനം വഴി ആന്തരിക സ്വത്വവുമായി ബന്ധം പുലർത്തുന്നതിനെപ്പറ്റി ശ്രീ ദുരൈ സംസാരിച്ചത് എല്ലാവർക്കും ഇഷ്ടപെട്ടു. ആദ്ധ്യാത്മികതയുടെ സന്ദേശങ്ങൾ അവരുടെ ഹൃദയങ്ങൾ സ്പർശിച്ചതായി തോന്നി.

### എ.എം.സി ഓറിയൻേറഷൻ പ്രോഗ്രാം
### വടക്കൻ ആന്ദ്രപ്രദേശ്

സപ്തംബർ 21–23 തിയ്യതികളിൽ തുംകുണ്ഡ മേഖല ആശ്രമ കമ്മറ്റിയിലെ 115 മെമ്പർമാർക്കും അഭ്യാസികൾക്കുമായി ഒരു പരിശീലന പരിപാടി നടത്തി.

- എ.എം.സിയുടെ വ്യാപ്തി, പങ്ക്, ഉത്തരവാദിത്വം എന്നിവയെപ്പറ്റി മെംബർമാരെ ബോധവന്മാരാക്കുക.
- ക്രമാനുസാരമായി മീറ്റിങ്ങ് നടത്തി, മിനുട്ടുകൾ അയക്കേണ്ടതിൻെറ ആവശ്യകത
- 'ആശയവിനിമയത്തിനാവശ്യമായ മാർഗനിർദ്ദേശം' എന്ന രേഖയുടെ അടിസ്ഥാനത്തിൽ എ.എം.സി മീറ്റിങ്ങുകൾ നടത്തേണ്ടതിൻെറ ആവശ്യകത.

ഉത്തരവാദിത്തങ്ങളും, ഓരോരുത്തരുടെ പങ്കും, ആശ്രമം ഉപയോഗിക്കേണ്ടവിധം, പണമിടപാടുകൾ, സ്വാഗതം ചെയ്യൽ, ആശ്രമപരിപാലനം, കുട്ടികളുടെ കേന്ദ്രം, ആശ്രമം സൂക്ഷിപ്പുകാരും, സേവകരും എന്നീ വിഷയങ്ങളെക്കുറിച്ച് അനുഭവസ്ഥർസംസാരിച്ചു. എ.എം.സി സംഗ്രഹ ഗ്രന്ഥം തെലുങ്കിലേക്കു തർജ്ജമ ചെയ്യുന്നതു ഉടനെ തുടങ്ങണമെന്നുതീരുമാനിച്ചു. സാമ്പത്തിക ഇടപാടുകളെപ്പറ്റി കേന്ദ്രത്തിൽ നിന്നു വന്ന സഹോ.ശ്രീരാമുമായി ഒരു ചോദ്യോത്തരവേളയും ഉണ്ടായിരുന്നു.

പ്രവൃത്തികൾ, ചിന്തകൾ, വാക്കുകൾ എല്ലാം ആത്മീയവശത്തിൽ നിന്നായിരിക്കണം എന്ന മാസ്റ്ററുടെ സന്ദേശത്തിൻെറ അടിസ്ഥാനത്തിലായിരുന്നു ഈ പരിപാടി നടത്തിയത്.പരിശുദ്ധ ചിന്തകൾ സന്തോഷപ്രദമായ പ്രവൃത്തികളിലേക്കും വാക്കുകളിലേക്കും നയിക്കും എന്നായിരുന്നു ഈ പരിപാടിയുടെ മാർഗനിർദ്ദേശം. ആശ്രമത്തിൻെറ അന്തരീക്ഷം നിലനിർത്തണമെന്നകാര്യത്തിന് ഊന്നൽ കൊടുത്തിരുന്നു.

## ഗോവയിൽ എസ്.എം.എഫ് ആശ്രമത്തിൻെറ ഉത്ഘാടനം




ഡിസമ്പർ 26–നു പൂജ്യ മാസ്റ്റർ വീഡിയോ വഴി ഗോവ ആശ്രമം ഉത്ഘാടനം ചെയ്യതോടുകൂടി മിഷൻെറ ഭൂപടത്തിൽ ഗോവ ഇടം പിടിച്ചു. ഡാബോളിം വിമാനത്താവളത്തിൽ നിന്നു ഏകദേശം 8 കി.മി. ദൂരെ സൻകോലെ ഗ്രാമത്തിൽ, മുംബൈയിലെ അഭ്യാസി ശ്രീ കെ.ഡി. കൊസംബെ തനിക്കുള്ള 2.5 എക്കർ സ്ഥലവും ഏകദേശം 80 അഭ്യാസികൾക്ക് ധ്യാനത്തിനിരിക്കാൻ ഇടമുള്ള ഒരു വീടും മിഷന് സമ്മാനിച്ചു. ഇതിൻെറ ഉത്ഘാടന സമയത്തു ശ്രീ കൊസംബെ, അദ്ദേഹത്തിൻെറ മൂത്തമകൻ വിരാജ്, സഹോ.പി.ആർ.കൃഷ്ണ, സുദീർ മാർവ, ആദിത്യ ആര്യ എന്നിവർ സന്നിഹിതരായിരുന്നു. ഉത്ഘാടന സമയത്തു മാസ്റ്റർ പറഞ്ഞതു, “എല്ലാ വീടും ഒരാശ്രമമായിരിക്കണം എന്നാണ് ബാബുജി എന്നോടു പറയാറുള്ളത്. ആന്തരിക സ്വത്വത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം ആശ്രമം”.

9.00 മണിക്ക് സഹോ.പി.ആർ.കൃഷ്ണ നടത്തിയ സത്സംഗത്തിൽ 85 അഭ്യാസികൾ പങ്കെടുത്തു. അവിടത്തെ ആശ്രമവികസന കമ്മറ്റിക്ക് ഇപ്പോൾ ആശ്രമത്തിലെ മെഡിറ്റേഷൻഹാളും പരിസരവും മെച്ചപ്പെടുത്തി വികസിപ്പിക്കുന്നതിൽ വേണ്ടത്ര താത്പര്യമുണ്ട്.

## ലക്നൗവിൽ പരിശീലകർക്കായുള്ള വിശദീകരണ പരിപാടി

ലക്നൗ ആശ്രമത്തിൽ ഡിസമ്പർ 7–9 തിയ്യതികളിൽ പരിശീലകർക്കായുള്ള വിശദീകരണ പരിപാടിയും ഹിന്ദിയിൽ ഒരു ജി.ഐ. ടി.പ്പിയും നടത്തി. പശ്ചിമ, മദ്ധ്യ, ഉത്തര യു.പിയിൽനിന്നും, ഉത്തരാഘണ്ഡിൽ നിന്നുമായി 65 പേർ പങ്കെടുത്തു. സഹോദരിമാർ ചവി സിസോട, പൂനം ബബ്ബർ, നന്ദിത മാത്തൂർ, വിമല ഷരോ എന്നിവരും സഹോ. നീരജ് ലാവിന, ജിഗ്ലേഷ് സെലാത്ത്, ഓം പ്രകാശ് കേജ്രിവാൾ എന്നീ പരിശീലകരും ഇതിൽപങ്കെടുത്തു.

7–നു സത്സംഗത്തിന്ശേഷം പരിശീലകർ 2 ചെറിയ നാടകങ്ങൾ അവതരിപ്പിച്ചു. സ്വയം സ്വീകാര്യനാവുക, സൗഹൃദം പുലർത്തുക എന്നിവയായിരുന്നു മുഖ്യ വിഷയങ്ങൾ. രാത്രി ഭക്ഷണത്തിനുശേഷം അടുത്ത ദിവസത്തെ പരിപാടികൾ നടത്താനായി പല സംഘങ്ങളിൽ നിന്നുമായി ചിലരെ തിരഞ്ഞെടുത്തു.

അടുത്തദിവസം ‘ധ്യാനം’ എന്ന വിഷയത്തെ അധികരിച്ചു നടന്ന ചർച്ചയിൽ അഭ്യാസികളെ ധ്യാനം ശരിക്കു ചെയ്യുന്നതെങ്ങിനെ എന്നും ആത്മ ചിന്തനം എപ്രകാരം ചെയ്യാമെന്നതിനെക്കുറിച്ചും ബോധവാന്മാരാക്കി. പുതിയതായി സഹജമാർഗത്തിൽ വരാൻ താത്പര്യപ്പെടുന്നവർക്ക് ധ്യാനം എപ്രകാരം സരളവും വ്യക്തവുമായി വിവരിക്കാം എന്നും വിശദീകരിച്ചു.

ശുദ്ധീകരണത്തെപ്പറ്റിയായിരുന്നു 9–നു ചർച്ച ചെയ്യത്. ശുദ്ധീകരണത്തിൻെറ പ്രാധാന്യം, തെറ്റ്തിരുത്തുന്നതു എപ്രകാരം, പുതിയതായി വരുന്നവർക്ക് എങ്ങനെ വിശദീകരിച്ചു കൊടുക്കാം എന്നെല്ലാമായിരുന്നു ആ ദിവസത്തെ ചർച്ചാവിഷയം.

## പുതിയ പ്രകാശനങ്ങൾ




പൂജ്യ മാലിക് കെ വാർത്തായേം
ഹിന്ദി ഡിവിഡി




സ്ലൈസസ് ഓഫ് ഇറ്റർണിറ്റി,
ഇംഗ്ലീഷ് ലഘുലേഖ

ടേൽസ് ഓഫ് വണ്ടർ, ഇംഗ്ലീഷ്
കുട്ടികളുടെ പുസ്തകം







നൗ ഐ ആം ടെല്ലിംഗ് യു
ഇംഗയീഷ് ഡിവിഡി




മാസ്റ്റേർസ് ടോക്സ് റ്റു പ്രിഫെക്റ്റ്സ് – വാല്യം 3 (2010–2012)
ഇംഗയീഷ് ഡിവിഡി




യൂത്ത് എ പ്രോമിസ് ഓഫ് ടൈം ആൻറ്
എഫർട്-ഇംഗ്ലീഷ് എംപി3




ബിക്കമിംഗ് വിഷ്ണറീസ്
ഇംഗയീഷ് ഡിവിഡി




ഹാർട്ട്സ്പീക്-2010 വാല്യം-2
ഇംഗ്ലീഷ് ഡിവിഡി

## പ്രസിദ്ധീകരണ വളൻറിയർമാർക്കുവേണ്ടിയുള്ള പരിശീലനം–ഗുൽബർഗ, വടക്കെ കർണ്ണാടക

പ്രസിദ്ധീകരണ വളൻറിയർമാരുടെ പരിശീലനത്തിനായി രണ്ടു ദിവസത്തെ പരിപാടി ബാംഗ്ലൂരിലെ സഹോ. വെങ്കിട്ട റാവുവും സംഘവും ചേർന്ന് ഗുൽബർഗ ആശ്രമത്തിൽ വെച്ച് 2012 ഡിസമ്പർ 7–8 തിയതികളിൽ നടത്തി. വടക്കെ കർണ്ണാടക, മുംബൈ, ഹൈദരബാദ് തുടങ്ങിയ സെൻററുകളിൽനിന്നുള്ള അമ്പതോളം വളൻറിയർമാർ ഇതിൽ പങ്കെടുത്തു. പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ കൂടുതൽ സേവനസന്നദ്ധരെ കണ്ടെത്തുക, പുസ്തകങ്ങൾ, ഓഡിയോ/വീഡിയോ, ഫോട്ടോഗ്രാഫ് തുടങ്ങിയവയിലൂടെ മാസ്റ്ററുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ സഹായിക്കുക, പുസ്തകങ്ങൾ വായിക്കുവാൻ അഭ്യാസികളെ പ്രേരിപ്പിക്കുക, തുടങ്ങിയ കാര്യങ്ങളിൽ പ്രാമുഖ്യം കൊടുത്തുകൊണ്ടായിരുന്നു ഈ ശിൽപ്പശാല സംഘടിപ്പിച്ചത്. പ്രചോദനമേകുന്ന പ്രഭാഷണങ്ങളിലൂടെയും, കൂട്ടായ ചർച്ചകളിലൂടെയും കളികളിലൂടെയും വിപണനപ്രക്രിയയുടെ അനുകരണത്തിലൂടെയും, വിൽപ്പനക്കായി കൗണ്ടറുകൾ തയ്യാറാക്കി പുസ്തകങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിലൂടെയും ആവശ്യമായ പരിശീലനം നൽകി. രണ്ടു ദിവസം നീണ്ടുനിന്ന പരിശീലനം, ലഭിച്ച വളൻറിയർമാർക്ക് ഈ പരിപാടി ഉപകാരപ്രദമായി.

## തെലുങ്ക് ഭാഷ തർജ്ജമയിൽ പരിശീലനം

മാസ്റ്ററുടെ പ്രഭാഷണങ്ങൾ ഇംഗ്ലീഷിൽനിന്നും പ്രാദേശിക ഭാഷയിലേക്ക് തർജ്ജമ ചെയ്യുന്നതിന് രണ്ടു ഭാഷയിലും പരിജ്ഞാനം ഉണ്ടായിരിക്കണമെന്നതിലുപരി സഹജമാർഗതത്വങ്ങളിൽ അഗാധമായ അവബോധം ഉണ്ടായിരിക്കണം. ഇതു ലക്ഷ്യമാക്കി സെപ്റ്റമ്പർ 14 മുതൽ 16 വരെ ആന്ധ്രപ്രദേശ്, ബാംഗ്ലൂർ, ദൽഹി തുടങ്ങിയ ഇടങ്ങളിൽനിന്നുള്ള അഭ്യാസികൾക്കായി ഒരു പരിപാടി തുംകുണ്ട സോണൽ ആശ്രമത്തിൽ വെച്ച് നടത്തി. പരസ്പരവിരുദ്ധമല്ലാത്തതും മേന്മയേറിയതും മൂലകൃതിയോട് നീതി പുലർത്തുന്നതുമായ തർജ്ജമ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കിയത്. 'അർത്ഥവത്തായത്, സരളമായത്, ഒഴുക്കുള്ളത്, ഉത്സാഹമുള്ളത്' എന്ന തലക്കെട്ടുകൊണ്ടുദ്ദേശിച്ചത് അർത്ഥവത്തായ തർജ്ജമ; സരളമായ ഭാഷ; തടസ്സമില്ലാത്ത ഒഴുക്ക് ഉറപ്പു വരുത്തൽ; ഉത്സാഹപൂർവ്വം നിർവഹിക്കുക എന്നതായിരുന്നു.

രണ്ടു ദിവസമായി നടന്ന പരിപാടി സഹോ. ആനന്ദ്, കാമേശ്വർ, കൃഷ്ണ റാവു തുടങ്ങിയവർ നേതൃത്വം നൽകി. പരസ്പരം അറിയാൻ അവസരം നൽകൽ, ഇപ്പോൾ തർജ്ജമ ചെയ്യുന്ന രീതി, അതിനായുള്ള നിർദ്ദേശങ്ങൾ എന്നിവയെപ്പറ്റിയുള്ള വിശദീകരണം, സോഫ്റ്റ്‌വെയറിനെപ്പറ്റിയുള്ള വിശദീകരണം, തർജ്ജമ ചെയ്യുന്നതിനായുള്ള പ്രായോഗിക പരിശീലനം തുടങ്ങിയവ പ്രധാനപ്പെട്ട ഇനങ്ങളായിരുന്നു.

## പരിശീലനത്തിന് ആവശ്യമായ അടിത്തറ

പുതിയതായി രൂപകൽപന ചെയ്ത 'പരിശീലനത്തിന് അടിത്തറ' (GITP) എന്ന പരിപാടി അഹമ്മദാബാദ്, ജയ്പൂർ സെൻററുകളിൽ മൂന്നു ദിവസത്തോളം നടത്തി. ഉഡുപ്പി സെൻറർ ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു.

ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, മുംബൈ തുടങ്ങിയ സെൻററുകളിൽ നിന്നുള്ള 163 അഭ്യാസികൾ അഹമ്മദബാദിൽ ഒക്ടോബർ 12 14 വരെ നടന്ന പരിപാടിയിൽ പങ്കെടുത്തു. മുപ്പതോളം പരിശീലകർ, മുപ്പത്തിയഞ്ചോളം വളൻറിയർമാരുടെ സഹായത്തോടെ ഈ പരിപാടി നടത്തി. മിഷൻ പ്രസിദ്ധീകരണങ്ങളിലെ പ്രസക്ത ഭാഗങ്ങളിലൂടെയും മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ ഓഡിയോ/വീഡിയോ പ്രദർശനങ്ങളിലൂടെയും നടത്തിയ പരിശീലനം സ്വാഭാവികതയുള്ളതായിരുന്നു. സഹജമാർഗ സാധനയെപ്പറ്റിയുള്ള തങ്ങളുടെ കാഴ്ച്ചപ്പാടിൽ പൂർണ്ണമായ മാറ്റം ഈ പരിപാടിയിലൂടെ സംഭവിച്ചു എന്ന് പതിനഞ്ചു വർഷത്തോളം പരിശീലനം നടത്തിവരുന്ന അഭ്യാസികൾ പോലും അഭിപ്രായപ്പെട്ടു. ശരിയായ അർത്ഥത്തിൽ സഹജമാർഗ അഭ്യാസിയാവുന്നതിന് എന്തു ചെയ്യാമെന്നതിന് വ്യക്തത ഏവർക്കും ലഭിച്ചു.

ജയ്പൂർ സോണൽ ആശ്രമത്തിൽ വെച്ച് നവംബർ 24–26 തിയതികളിൽ ഹിന്ദിയിൽ മൂന്നു ദിവസം നീണ്ടുനിന്ന പരിപാടിയിൽ രാജസ്ഥാനിൽനിന്നുള്ള 70 പേർ പങ്കെടുത്തു. ആറു പരിശീലകരും ഉണ്ടായിരുന്നു. വിവിധ വിശദീകരണഭാഗങ്ങളിലും വീഡിയോ പ്രദർശനത്തിലും ഏവരും പൂർണ്ണമായി മുഴുകിയിരുന്നു. തങ്ങളുടെ ഹൃദയം തുറന്നു കിട്ടുന്നതായി ഏവർക്കും അനുഭവപ്പെട്ടു. പരിപാടി ഏവർക്കും ഇഷ്ടപ്പെടുകയും എല്ലാവരും അത് പ്രകടിപ്പിക്കുകയും ചെയ്തു. സോണൽ ആശ്രമത്തിലെ സൗകര്യങ്ങളിൽ വളൻറിയർമാരുടെ സ്നേഹവും പരിശ്രമവും പ്രകടമായിരുന്നു.

ഡിസംബർ 16–ന് ഉഡുപ്പിക്കടുത്ത് പെരമ്പള്ളി ആശ്രമത്തിൽ വെച്ച് 'ഡയറി എഴുതൽ' എന്ന വിഷയത്തെ അധികരിച്ച് ഒരു പരിപാടി നടത്തി. 13 പേർ പങ്കെടുത്ത പരിപാടി രണ്ടു പരിശീലകർ ചേർന്ന് നടത്തി. ആദ്ധ്യാത്മിക പരിണാമത്തിനും സ്വഭാവ രൂപീകരണത്തിനും ഡയറി എഴുതുന്നത് എപ്രകാരം സഹായകരമാവും എന്നത് വിശദീകരിക്കപ്പെട്ടു. ഓഡിയോ––വീഡിയോ പ്രദർശനങ്ങളിലൂടെയും മാസ്റ്ററുടെ ഉദ്ധരണികളിലൂടെയും വിശദീകരണം നൽകി. കന്നടയിലും ഇംഗ്ലീഷിലുമായാണ് പരിപാടി നടത്തിയത്. ധ്യാനത്തെ അധികരിച്ച് നടത്തുന്ന അടുത്ത പരിപാടിയിൽ കൂടുതൽ അഭ്യാസികളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്ന് പങ്കെടുത്തവർ ഉറപ്പു നൽകി. പരിപാടി പങ്കെടുത്തവരിൽ മതിപ്പുളവാക്കി.



## ആശ്രമ പരിപാടികൾ

ഞായറാഴ്ചകളിൽ നടത്തുന്ന മുഴുദിന പരിപാടികൾ, വർഷങ്ങളായി അഭ്യാസികളായവരേയും പുതിയ അഭ്യാസികളെയും ഒന്നിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് നടത്താറുള്ളത്. സാധനയെപ്പറ്റി, പരിശീലനം നടത്തുന്നവർക്കുള്ള സംശയം ദുരീകരിക്കാനായി സംഘം തിരിഞ്ഞുള്ള ചർച്ചകളും ചോദ്യോത്തരപരിപാടികളും സഹായകമാകാറുണ്ട്.പരിശിലനം കൃത്യതയോടെ നടത്തി, ലക്ഷ്യത്തിലേക്ക് മുന്നേറുവാനായി ഇത്തരം പരിപാടികൾ പ്രചോദനമാകുന്നു. വിവിധ സെൻററുകളിൽ നടത്തിയ പൂർണ്ണ/അർദ്ധ ദിനപരിപാടികളെക്കുറിച്ചുള്ള വിവരണം താഴെകൊടുക്കുന്നു.

തമിഴ്നാട്ടിലെ അവിനാശി സെൻറർ ഒരു അർദ്ധ ദിനപരിപാടി ഒക്ടോബർ 2-ന് നടത്തി. 55 ഓളം അഭ്യാസികൾ ഇതിൽപങ്കെടുത്തു. പുതിയ അഭ്യാസികൾക്കായി ആധ്യാത്മികതയെക്കുറിച്ച് അറിവുപകരാനും സഹജമാർഗം വിശദീകരിക്കുവാനുമായി നടത്തിയ പ്രഭാഷണങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരുന്നു. സഹജമാർഗ സാധനയുടെ അടിസ്ഥാനതത്വങ്ങൾ ഇതിൽ വിശദീകരിക്കപ്പെട്ടു. പങ്കെടുത്തവരോട് കഴിയുന്നത്ര നിശ്ശബ്ദരാകുവാനും ആന്തരിക ശബ്ദത്തെ ശ്രവിക്കുവാനും ഉദ്ബോധിപ്പിച്ചു.

കേരളത്തിലെ പയ്യന്നൂരിൽ ഒക്ടോബർ 23-ന് പ്രകാശകേന്ദ്രത്തിൽ നിന്നുള്ള മന്ത്രണങ്ങളിൽനിന്നുള്ള ഉദ്ധരണികൾ പങ്കെടുത്തവർ അവതരിപ്പിച്ചു. വടക്കേമലബാറിലെ വിവിധസെൻററുകളിൽ നിന്നുള്ള 200ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

രാജസ്ഥാനിലെ ഭിൽവാഡ സെൻററിലെ അഭ്യാസികൾ നവംബർ 4-ന് ഒരു മുഴുദിനപരിപാടി സംഘടിപ്പിച്ചു. 'ഗുരു' ആയിരുന്നു പരിപാടിയിലെ പ്രതിപാദ്യവിഷയം.അനുഭവങ്ങൾ പങ്കുവെക്കലും നാടകാവതരണവും പരിപാടിയുടെ ഭാഗമായിരുന്നു. "സഹജമാർഗം അനന്തതയിലേക്ക്" എന്ന മാസ്റ്ററുടെ ഡിവിഡി പ്രദർശിപ്പിച്ചു. പങ്കെടുത്തവർ യുവ അഭ്യാസികളുടെ പരിശ്രമങ്ങളെ ശ്ലാഘിച്ചു.

കേരളത്തിലെ ആലുവ സെൻററിൽ 200 പേർ പങ്കെടുത്ത ഒരു മുഴുദിനപരിപാടി നവംബർ 18-ന് നടത്തി. സത്സംഗം കൂടാതെ മാസ്റ്ററുടെ തിരഞ്ഞെടുത്ത പ്രഭാഷണങ്ങൾ, ചർച്ചകൾ, പാട്ടുപാടൽ, പദ്യം ചൊല്ലൽ തുടങ്ങിയവ മുഖ്യപരിപാടികളായിരുന്നു. ദൈവീകത, 9 മണിക്കുള്ള പ്രാർത്ഥന തുടങ്ങിയവയെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിച്ചു.

ആന്ധ്രാപ്രദേശിലെ തിരുപ്പതി സെൻററിൽ ഡിസംബർ 2-ന് നടത്തിയ പ്രത്യേകതയാർന്ന ഒരു മുഴുദിനപരിപാടിയിൽ 130 ഓളം അഭ്യാസികൾ പങ്കെടുത്തു. അഭ്യാസികൾക്ക് സ്വയം വിലയിരുത്തുവാനായി നൽകിയ ചോദ്യങ്ങൾക്ക് അവർ ഉത്തരം നൽകുകയും അത് വിലയിരുത്തുകയും ചെയ്തു. സഹജമാർഗത്തെക്കുറിച്ചും, മറ്റുള്ളവരോടുള്ള അഭ്യാസികളുടെ പെരുമാറ്റം, സ്വയം സേവനം, ആശ്രമം തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുമായിരുന്നു ചോദ്യങ്ങൾ. തങ്ങളുടെ സ്വഭാവരൂപീകരണത്തിന് സഹായകമാകുവാനും പുരോഗമനത്തിനുള്ള മാർഗമായും പങ്കെടുത്തവർക്ക് ഈ പരിപാടി സഹായകമായി.

## തെക്കേ തമിഴ്നാട്ടിലെ അദ്ധ്യാപകർക്കായി സഹജമാർഗം അവതരിപ്പിച്ചുകൊണ്ടുള്ള പരിപാടി

തമിഴ്നാട്ടിലെ തെക്കുഭാഗത്തുള്ള വിവിധ ജില്ലകളിൽനിന്നുള്ള അദ്ധ്യാപകർക്കായി നവംബർ 23 മുതൽ ഡിസംബർ 1 വരെ സഹോ. എ.പി. ദുരൈ തുറന്ന സദസ്സുകൾ നടത്തി. തഞ്ചാവൂർ, അരിയലൂർ, തിരുവരൂർ, പുതുക്കോട്ടൈ തുടങ്ങിയ ഇടങ്ങളിൽ ആദ്യത്തെ മൂന്നുദിവസവും തിരുനെൽവേലി, കന്യാകുമാരി ജില്ലകളിൽ ആറു ദിവസവും അദ്ദേഹം ഇതിനായി ചിലവഴിച്ചു.

അദ്ധ്യാപകരെ ഉദ്ദേശിച്ച് നടത്തിയ ഈ തുറന്നസദസ്സുകളിൽ 750 ഓളം അദ്ധ്യാപകർ 17 ഓളം വിദ്യാലയങ്ങളിൽ നിന്നായി പങ്കെടുത്തു. പങ്കെടുത്തവരിൽ 200 ഓളം പേർ ധ്യാനപരിശീലനത്തിനായി സന്നദ്ധത പ്രകടിപ്പിച്ചു. പരിശീലനം തുടങ്ങുന്നതിനു മുമ്പ് സ്വയം തയ്യാറാവുന്നതിനായി തുടക്കകാർക്കുള്ള പുസ്തകം വിതരണം ചെയ്തു.

സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ/പ്രിൻസിപ്പാൾ തുടങ്ങിയവർക്ക് ഈ പരിപാടിക്കുമുമ്പായി ഇതിനെപ്പറ്റി ഉചിതമായ വിശദീകരണം നൽകിയിരുന്നില്ല എന്ന് നിരീക്ഷിച്ചതിനാൽ ഇത്തരം പരിപാടികൾക്ക് ഭാവിയിൽ അനുവാദം വാങ്ങുന്നതിന് മുമ്പായി എഴുത്തും പുസ്തകങ്ങളും നൽകണമെന്ന് തീരുമാനിച്ചു.

വർഷങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ സഹജമാർഗ സന്ദേശങ്ങൾ ആളുകൾ സ്വീകരിക്കുവാൻ തയ്യാറാവുന്നുണ്ടെന്ന് സഹോ. ദുരൈ മാസ്റ്ററെ അറിയിച്ചപ്പോൾ, "വ്യക്തികളുടെ ഹൃദയം തുറക്കപ്പെടുന്നുണ്ടെന്ന് ബാബുജി പറഞ്ഞുകൊണ്ടിരിക്കുന്നത് ഇതിനാലാണ്" എന്ന് മാസ്റ്റർ മറുപടി പറഞ്ഞു.

ഈ പരിപാടിയിൽ പങ്കെടുത്ത പ്രിഫക്റ്റുകൾക്കും അഭ്യാസികൾക്കും ഈ തുറന്നസദസ്സുകൾ പ്രയോജനപ്രദമായി. പ്രിഫക്റ്റുമാരായ നല്ലഴകൻ, അൻപളകൻ, ഡോ.നാഥൻ, കൃഷ്ണരാജൻ, സിസ്റ്റർ ഡോ. രാജലക്ഷ്മി തുടങ്ങിയവർക്ക് വളൻറിയർമാർ പൂർണ്ണ പിന്തുണ നൽകി. തഞ്ചാവൂരിലും അടുത്തുള്ള സെൻററുകളിലും സോണൽ-ഇൻ-ചാർജ്ജ് (ZIC) സഹോ.ബി.എസ്. മുരുകൻ, അവിടെയുള്ള പ്രിഫറ്റുമാരായ സഹോ.സുബ്രഹ്മണ്യൻ, സഹോ.പൊയ്യാമൊഴി, സഹോ. കാമാക്ഷി എന്നിവരുടെ സഹായത്തോടെ തുറന്ന സദസ്സുകൾ നടത്തി. മാസ്റ്ററുടെ സാന്നിദ്ധ്യം എല്ലായിടത്തും പ്രകടമായിരുന്നു. എല്ലാ സ്കൂളുകളിലും പരിപാടി നന്നായി നടത്തുന്നതിന് മാസ്റ്റർ വഴിതുറന്നു കൊടുക്കുന്നതായി അനുഭവമായി.



# ആനന്ദ് ആശ്രമം, ഗുജറാത്ത്

## പ്രകാശകേന്ദ്രങ്ങൾ

"അതുകൊണ്ട്, നാം എന്തായി തീരണമോ അതിനുള്ള അളവുകോലാകണം മാസ്റ്റർ. നാം ആന്തരികമായി വീക്ഷിച്ച് സഹജമാർഗം നമുക്കായി എന്തുചെയ്യുന്നു എന്ന് കണ്ടറിയണം. അപ്പോൾ നാം മറ്റൊന്നും ശ്രദ്ധിക്കാതെ നിർബ്ബാധമായി ഈ പാതയിൽ തുടർന്നും സഞ്ചരിക്കും. എനിക്ക് ലക്ഷ്യ പ്രാപ്തിയടയണം; ലക്ഷ്യം എന്റെ മുന്നിലുണ്ട്. ആ ലക്ഷ്യം ഞാനെന്തായി തീരണമോ അത് എനിക്ക് കാണിച്ചുതരുന്നു. സ്വയം വിശകലനം ചെയ്ത്, എന്നിൽനിന്നും എടുത്തുമാറ്റേണ്ടതും എന്നിൽ കൂട്ടിച്ചേർക്കേണ്ടതുമെന്താണെന്ന് തിരിച്ചറിയുന്നു. അപ്രകാരം ഈ യാത്ര എളുപ്പവും തടസ്സങ്ങളില്ലാതെ സൗകര്യപ്രദവും എളുപ്പം എത്തിച്ചേരാവുന്ന ഒന്നായും മാറുന്നു."

പൂജ്യ മാസ്റ്റർ–29 ജനുവരി 2004 ആനന്ദ്, ഗുജറാത്ത്







'ആനന്ദാശ്രം' എന്നാണ് ആനന്ദിലെ ആശ്രമത്തിന് മാസ്റ്റർ പേരിട്ടത്. അഹമ്മദബാദിനും വഡോദരക്കുമിടയിൽ ആണ് ജില്ലാ ആസ്ഥാനമായ ആനന്ദ് സ്ഥിതിചെയ്യുന്നത്. അമുൽഡയറി, IRMA, NDDB എന്നീ ധവള വിപ്ലവത്തിന്റെ തുടക്കക്കാരാൽ പ്രസിദ്ധമാണ് ആനന്ദ്.

എൺപതുകളിലും തൊണ്ണൂറുകളിലും മാസ്റ്റർ നടത്തിയ സന്ദർശങ്ങളുടെ ശ്രമഫലമായാണ് ആനന്ദ് സെൻറർ വളർച്ച പ്രാപിച്ചത്. 1992–93ൽ മാസ്റ്ററുടെ ഭാര്യ സുലോചന മാമി ചികിത്സക്കായി കുറച്ചുമാസം ഉണ്ടായിരുന്നു. IRMA, NDDB, വെറ്റിനറി കോളേജ് എന്നിവിടങ്ങളിൽ മാസ്റ്റർ സംസാരിച്ചിട്ടുണ്ട്.

മിഷന്റെ ധ്യാനഹാളായി ഉപയോഗിക്കുവാനായി തന്റെ വീടിനായുള്ള സ്ഥലത്ത് ഒരു ഷെഡ്പണിയുവാൻ സഹോ. പി.എസ്. ഭാർഗവക്ക് മാസ്റ്റർ അനുമതി നൽകി. 1996–ൽ 'മണ്ഡപം' എന്ന് മാസ്റ്റർ അതിന് നാമകരണം ചെയ്തു. ആശ്രമനിർമ്മിതിക്കായി ആനന്ദിൽ നിന്നും അഞ്ച് കി.മി അകലെയുള്ള ഹാഡ്ഗഡ് എന്ന ഗ്രാമത്തിൽ സഹോ. അഞ്ജന നഗർ കുറച്ച് സ്ഥലം നൽകി. 1997 ജനുവരിയിൽ മാസ്റ്റർ ഈ സ്ഥലം സന്ദർശിക്കുകയും ശ്രീരാംചന്ദ്രപുരം എന്ന് ആ സ്ഥലമടങ്ങിയ കോളനിക്ക് പേരിടുകയും ചെയ്തു. 2000 സെപ്റ്റമ്പർ 5ന് അന്നത്തെ ZIC ആയിരുന്ന സഹോ. മധുകർ കൊച്ചാർ മാസ്റ്ററുടെ അനുമതിയോടെ 150 പേർക്കിരിക്കാവുന്ന പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. ആനന്ദ്, വഡോദര, വനക്ബോറി, നാദിയാദ് തുടങ്ങിയ സെൻററുകളിൽ നിന്നുള്ള 165ഓളം അഭ്യാസികൾ ആ ചടങ്ങിൽ പങ്കെടുത്തു.

2004 ജനുവരി 30–ന് മാസ്റ്റർ ആനന്ദ് സെൻറർ സന്ദർശിച്ചു. ഈ കാലയളവിൽ ആശ്രമത്തിൽ ഒരു വരാന്ത കൂട്ടിച്ചേർക്കുകയും, ജലലഭ്യത ഉറപ്പാക്കാനായതുകൊണ്ട് ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലത്ത് ഒരു പൂന്തോട്ടം നിർമ്മിക്കുകയും ചെയ്തിരുന്നു. സത്സംഗത്തിനുശേഷം മാസ്റ്റർ 'കദംബം' ചെടി ആശ്രമത്തിന് മുൻഭാഗത്ത് നട്ടു. ഇന്ന് അത് നാൽപത് അടി ഉയരമുള്ള ഒരു മരമായി വളർന്ന്, മറ്റുമരങ്ങളും ചെടികളോടും ഒപ്പം നയന മനോഹരമായ ഒരന്തരീക്ഷം ആശ്രമത്തിന് പ്രദാനം ചെയ്തിരിക്കുന്നു.





**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.